ഇരിട്ടി മുനിസിപ്പാലിറ്റി









പ്രോഗ്രസ്സ് റിപ്പോർട്ട് 2020-25



ഇരിട്ടി നഗരസഭ

പ്രോഗ്രസ്സ് റിപ്പോർട്ട്

2020-25



എ.കെ രവീന്ദ്രൻ
ചെയർമാൻ
ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി



എൻ.കെ. ശാന്തിനി
കൗൺസിലർ
പയഞ്ചേരി വാർഡ്

2020-25 കൗൺസിലിന്റെ
ഭാഗമായിരുന്ന പ്രിയപ്പെട്ടവരുടെ
ഓർമ്മകൾക്ക് മുമ്പിൽ
ആദരാഞ്ജലികൾ....



കെ. ശ്രീലത
ചെയർപേഴ്സൺ



പി.പി. ഉസ്മാൻ
വൈസ് ചെയർമാൻ



പി.കെ. ബൾക്കീസ്
ചെയർപേഴ്സൺ – വികസനം



കെ. സോയ
ചെയർപേഴ്സൺ – ആരോഗ്യം



കെ. സുരേഷ്
ചെയർമാൻ – പൊതുമരാമത്ത്



ടി.കെ. ഫസീല
ചെയർപേഴ്സൺ – വിദ്യാഭ്യാസം



അൻഷിദ് കെ.
നഗരസഭ സെക്രട്ടറി

കൗൺസിലർമാർ


ബഷീർ പി.


എം.കെ.നജ്മുന്നീസ


കെ. മുരളീധരൻ


എൻ. സിന്ധു


പി. രഘു


പി.പി. ജയലക്ഷ്മി


കെ. നന്ദനൻ


വി.പി. അബ്ദുൾ റഷീദ്


എൻ.കെ. ഇന്ദുമതി


എ.കെ. ഷൈജു


സി.കെ. അനിത


സമീർ പുന്നാട്


ടി.വി ശ്രീജ


അബ്ദുൾ ഖാദർ കോമ്പിൽ


ടി.കെ. ഷരീഫ


പി. ഫൈസൽ


പി. സീനത്ത്


യു.കെ. ഫാത്തിമ


വി. പുഷ്പ


കെ.പി. അജേഷ്


പി. രജിഷ


വി. ശശി


സാജിദ ചൂര്യോട്ട്


സി. ബിന്ദു


കെ. അനിത


പി.ആർ അശോകൻ മാസ്റ്റർ
വൈസ് ചെയർമാൻ
ആസൂത്രണ സമിതി, ഇരിട്ടി നഗരസഭ


രമേഷ് കുമാർ
അസി. എഞ്ചിനീയർ


രാജീവൻ കെ.വി
ക്ലീൻസിറ്റി മാനേജർ


നിഷ പി.വി
സൂപ്രണ്ട്


















വിപണന മേള







ഇരിട്ടി നഗരസഭ

അടിസ്ഥാന വിവരം

നഗര സഭയുടെ പേര്	:	ഇരിട്ടി
ജില്ല	:	കണ്ണൂർ
താലൂക്ക്	:	ഇരിട്ടി
ഏരിയ (കി.മീ)	:	46.65 ച.കി.മീ.
വാർഡുകളുടെ എണ്ണം	:	33
ജനസംഖ്യ	:	40369
പുരുഷൻമാർ	:	19543
സ്ത്രീകൾ	:	20826
കുടുംബങ്ങൾ	:	8323
ജനസാന്ദ്രത	:	884 ച.കി.
പട്ടികജാതി കുടുംബങ്ങൾ	:	145
പട്ടികജാതി ജനസംഖ്യ	:	574
പട്ടികവർഗ്ഗ കുടുംബങ്ങൾ	:	340
പട്ടികവർഗ്ഗ ജനസംഖ്യ	:	997
പുരുഷ-സ്ത്രീ അനുപാതം	:	1000,1066
സാക്ഷരത നിരക്ക്	:	93.58 %
ബി.പി.എൽ. കുടുംബങ്ങൾ	:	3101
നിയമസഭാ മണ്ഡലം	:	പേരാവൂർ
നഗരസഭയിൽ ഉൾപ്പെടുന്ന വില്ലേജുകൾ:		കീഴൂർ, ചാവശ്ശേരി

അതിരുകൾ

വടക്ക്	-	ഇരിട്ടി വളപട്ടണം പുഴ
തെക്ക്	-	തില്ലങ്കേരി, മുഴക്കുന്ന് ഗ്രാമപഞ്ചായത്തുകൾ, മട്ടന്നൂർ നഗരസഭ
കിഴക്ക്	-	പായം പുഴ
പടിഞ്ഞാറ്	-	മട്ടന്നൂർ നഗരസഭ

ഭരണ സമിതി അംഗങ്ങൾ

ക്രമ നം	വാർഡിന്റെ പേര്	ജനപ്രതിനിധിയുടെ പേര്	ഫോൺ
1.	വെളിയമ്പ്ര	ബഷീർ പി.	9946057751
2.	പെരിയത്തിൽ	എം.കെ.നജ്മമുന്നീസ	8289896457
3.	വട്ടക്കയം	പി.പി.ഉസ്മാൻ	9447683726
4.	എടക്കാനം	കെ.മുരളീധരൻ	9447936504
5.	കീഴൂർക്കുന്ന്	എൻ.സിന്ധു	9846144157
6.	വള്ള്യാട്	രി.രഘു	9048335120
7.	കീഴൂർ	പി.പി.ജയലക്ഷ്മി	9349764446
8.	നരിക്കുണ്ടം	കെ.നന്ദനൻ	9446768622
9.	ഇരിട്ടി	വി.പി.അബ്ദുൾ റഷീദ്	9447209357
10.	പയഞ്ചേരി	എൻ.കെ. ശാന്തിനി	(മരണപ്പെട്ടു)
11.	വികാസ് നഗർ	കെ.ശ്രീലത	9946614902
12.	അത്തിത്തട്ട്	എൻ.കെ. ഇന്ദുമതി	9747335517
13.	കുളിച്ചെമ്പ്ര	ടി.കെ.ഫസീല	9400290098
14.	മീത്തലെപുന്നാട്	എ.കെ.ഷൈജു	9745171954
15.	താവിലാക്കുറ്റി	സി.കെ.അനിത	9447030993
16.	പുറപ്പാറ	സമീർ പുന്നാട്	9947786997
17.	പുന്നാട് ഈസ്റ്റ്	കെ.സുരേഷ്	8547880045
18.	പുന്നാട്	ടി.വി.ശ്രീജ	9895287310
19.	ഉളിയിൽ	അബ്ദുൾ ഖാദർകോമ്പിൽ	9946164985
20.	കല്ലേരിക്കൽ	ടി.കെ.ഷരീഫ	9447286308
21.	നരയമ്പാറ	പി.ഫൈസൽ	9744596915
22.	നടുവനാട്	പി.സീനത്ത്	9544808967
23.	കൂരൻമുക്ക്	യു.കെ.ഫാത്തിമ	9747124741
24.	നിടിയാഞ്ഞിരം	എ.കെ.രവീന്ദ്രൻ	(മരണപ്പെട്ടു)
25.	ആവട്ടി	വി.പുഷ്പ	9946565095
26.	വളോര	കെ.പി.അജേഷ്	9745432022
27.	കട്ടേങ്കണ്ടം	പി.രജിഷ	9946540529
28.	ചാവശ്ശേരി ടൗൺ	വി.ശശി	9846011693
29.	ചാവശ്ശേരി	പി.കെ.ബൾക്കീസ്	9744598925
30.	മണ്ണോറ	കെ.സോയ	9544582363
31.	19-ാം മൈൽ	സാജിദ ചൂര്യോട്ട്	8129110207
32.	ചാവശ്ശേരി വെസ്റ്റ്	സി.ബിന്ദു	8129660943
33.	ആട്ടുലം	കെ.അനിത	9400053927

ആമുഖം



കീഴൂർ-ചാവശ്ശേരി സെപ്ഷ്യൽ ഗ്രേഡ് ഗ്രാമ പഞ്ചായത്ത് 2015 ൽ ആണ് ഇരിട്ടി നഗരസഭ യായി മാറിയത്. നഗരസഭയായതിന് ശേഷം ദ്രുത ഗതിയിലുള്ള വികസനവും വളർച്ചയുമാ ണ് ഇരിട്ടി നഗരസഭ കൈവരിച്ച് കൊണ്ടിരിക്കുന്നത്.

പ്രകൃതി ഭംഗിയാൽ അനുഗ്രഹീതമാണ് നഗരസഭ. കിഴക്ക്-വടക്ക് ഇരിട്ടി- വളപട്ടണവും പുഴ പഴശ്ശി റിസർവ്വോയർ പഴശ്ശി ടൂറിസ്സം കേന്ദ്രം ഇതെല്ലാം നഗരസഭയുടെ മനോഹാരിത വർ ദ്ധിപ്പിക്കുന്നു.

കഴിഞ്ഞ അഞ്ച് വർഷക്കാലം പ്രകടന പത്രികയിൽ പറഞ്ഞ കാര്യങ്ങൾ ജനങ്ങൾക്ക് വേണ്ടി ജനങ്ങളുടെ അകമഴിഞ്ഞ പിന്തുണയോടെ എല്ലാ പ്രദേശങ്ങളേയും വാർഡുകളേയും ഒരുപോലെകണ്ടുകൊണ്ട് മികച്ച വികസന മാതൃക സൃഷ്ടിക്കുവാൻ ഈ നഗരസഭ സമിതിക്ക് കഴിഞ്ഞിട്ടുണ്ട്.

ജനങ്ങൾക്ക് ബുദ്ധിമുട്ടില്ലാത്ത വിധം തനത് വരുമാനം ഇരട്ടിയോളമായി വർദ്ധിപ്പി ച്ചു.സമൂഹത്തിലെ എല്ലാ വിഭാഗങ്ങളേയും ചേർത്ത് പിടിക്കാൻ സാധിച്ചു. സാമൂഹ്യ നീതിയി ൽ അതിഷ്ഠിതമായ സമഗ്ര വികസനം സാദ്ധ്യമായി. പൊതുവായ വികസനങ്ങൾ വ്യക്തിഗത മായ ആനുകൂല്യങ്ങൾ എല്ലാം സമയബന്ധിതമായി നടപ്പാക്കി വരുന്നു. കാർഷിക മേഖലയ്ക്ക് ഊന്നൽ നൽകി ഉൽപാദന വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞു. ജനകീയ ആവശ്യങ്ങൾ, വിഭാഗ ങ്ങൾ, സാമൂഹ്യ ക്ഷമം-വയോജനങ്ങൾ , ഭിന്ന ശേഷിക്കാർ, സ്ത്രീകൾ, കുട്ടികൾ, പട്ടികജാതി -പട്ടിക വർഗ്ഗ വിഭാഗങ്ങൾ അതിദരിദ്രർ, മറ്റ് ദുർബ്ബല വിഭാഗങ്ങൾക്കെല്ലാം ആശ്വാസം പകരാൻ ഞങ്ങൾക്ക് സാധിച്ചിട്ടുണ്ട്. അപേക്ഷയിലെ അർഹതപ്പെട്ടവർക്കെല്ലാം പെൻഷൻ, അങ്കണവാടികൾ ഉന്നതികൾ, കുടുംബശ്രീ, സംരംഭങ്ങൾ, തെരുവോര കച്ചവടക്കാർ മറ്റ് വിഭാഗങ്ങൾക്കെല്ലാം പരിഗണന നല്കാനായി. മൃഗസംരക്ഷണം ക്ഷീര വികസനം, ആരോഗ്യം- ആശുപത്രികൾ, വെൽനെസ്സ് സെൻററുകൾ, സബ് സെൻററുകൾ, ആയുർവേദം, യുനാനി, ഹോമിയോ, താലൂക്ക് ആശുപത്രി ഡയാലിസ് യൂനിറ്റ് എല്ലാം മുന്തിയ പരിഗണന നല്കി. സ്കൂളുകൾ തുല്യത തുടർ വിദ്യാഭ്യാസം പ്രത്യേക ശ്രദ്ധ നല്കാൻ കഴിഞ്ഞു. കലാകായിക -സാംസ്കാരിക മേഖലയ്ക്ക് അതീവ പ്രാധാന്യം നൽകി മിനി സ്റ്റേഡിയം സ്ഥലം വാങ്ങി- ചാവശ്ശേരി സ്കൂളിൽ പുതിയ സ്റ്റേഡിയം പണിയുന്നു. സ്റ്റേഡിയങ്ങളുടെ നവീകരണം പൂർ ത്തിയായി . വായന ശാലകൾക്ക് പ്രത്യേക ഊന്നൽ നൽകി. ശുചിത്വ മാലിന്യ മേഖലയിൽ ഒട്ടനവധി പദ്ധതികൾ നടപ്പാക്കി-ജൈവ അജൈവ മാലിന്യ സംസ്കരണം ശേഖരണം വിപുലമായി നടപ്പാക്കി. ഹരിത കർമ്മസേന- ആരോഗ്യ വിഭാഗം ജീവനക്കാർ, വീടുകൾ, സ്ഥാപനങ്ങൾ പൊതുയിടങ്ങൾ, പട്ടണങ്ങൾ, ജലാശയങ്ങൾ, ശുചിത്വ സംരക്ഷണത്തിന് വേണ്ടി കഠിന പ്രയത്നം നടത്തുന്നു. എം.സി.എഫ്, ആർ ആർ എഫ് മിനി എം സി എഫ് കൾ ബോട്ടിൽ ബൂത്തുകൾ ടേക്ക്എ ബ്രേക്ക്, ടോയിലറ്റുകൾ എല്ലാം ശ്രദ്ധേയമായി നടപ്പിലാക്കി.

ലൈഫ്മിഷൻ പദ്ധതി വിജയകരമായി നടപ്പിലാക്കി എഎം 550 ലേറെ വീട്, 185 ലേറെ ഈ കാലയളവിൽ എസ് സി, എസ് റ്റി അതിദരിദ്രർ വീടുകൾ വീട് റിപ്പയറുകൾ ഇതിന് പുറമേയും നടപ്പാക്കി. യാത്രാ പ്രശ്നങ്ങൾ പുതിയ റോഡുകൾ, കോൺക്രീറ്റുകൾ, താറിഗുകൾ, അറ്റകുറ്റപണിക്കൾ കലുങ്കുകൾ ഡ്രൈനേജുകൾ മറ്റള്ളുവയെല്ലാം മികച്ച മാത്യകയായി സ്ടീറ്റ് ലൈറ്റുകൾ, സ്ടീറ്റ് ലൈനുകൾ ഇരിട്ടി പട്ടണം ദീപാലങ്കാരമാക്കിയതടക്കം വലിയ പദ്ധതികൾ നടപ്പിലാക്കി ഇരിട്ടി ഫെസ്റ്റ് മാനവ സൗഹ്യദ മഹോത്സവം ജനങ്ങൾക്ക് ആഹ്ലാദാരവം തീർത്തു. പ്രകൃതി സമ്പത്ത് ജൈവ വൈവിധ്യ സംരക്ഷണം ആവിഷ്ക്കരിച്ചു. കുടിവെള്ളം സാർവ്വത്രികമാക്കാൻ നടപടി, ജലസ്രോതസ്സുകൾ, കുളങ്ങൾ, തോടുകൾ, ജലാശയങ്ങൾ സംരക്ഷിക്കാൻ വിപുലമായ പദ്ധതികൾ നടപ്പിലാക്കി. കഴിഞ്ഞ 5 വർഷക്കാലം വികസന മുന്നേറ്റത്തിൻറെ കാലമാണ് ചെറിയ കാര്യങ്ങൾ മാത്രമേ അവിടെ സൂചിപ്പിച്ചത്. ആകെ കാര്യങ്ങൾ ജനങ്ങൾ വിലയിരുത്തുമെന്ന പ്രതീക്ഷയോടെ

കെ ശ്രീലത
ചെയർപേഴ്സൺ
ഇരിട്ടി നഗരസഭ

ഇരിട്ടി
21.10.2025



വിവിധ വികസന മേഖലകളും നടപ്പിലാക്കിയ പ്രധാന പ്രവർത്തനങ്ങളും

2020-25 കാലഘട്ടത്തിൽ ഇരിട്ടി നഗരസഭ വിവിധ മേഖലകളിൽ നടപ്പിലാക്കിയത് വലിയ വികസന പ്രവർത്തനങ്ങളാണ്. ഇക്കാലയളവിൽ ഓരോ വികസന മേഖലയിലും തനതാ യ ഒരു വികസന പ്രവർത്തനമെങ്കിലും ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിന് വേണ്ടി നഗരസഭയ്ക്ക് സാധിച്ചിട്ടുണ്ട് എന്നാണ് കരുതുന്നത്. മാലിന്യ സംസ്കരണ രംഗത്ത് ഉൾപ്പെടെ ഇക്കാലയളവിൽ നിരവധി നേട്ടങ്ങൾ കൈവരിക്കുന്നതിനും നഗരസഭയ്ക്ക് സാധിച്ചിട്ടുണ്ട്. ഓരോ മേഖലകളിലും കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് നടപ്പിലാക്കിയ പ്രധാന പ്രവർത്ത നങ്ങളുടെ ഒരു സംക്ഷിപ്ത വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പൊതുഭരണവും ധനകാര്യവും

ഒരു പ്രാദേശിക ഗവൺമെൻറായി പ്രവർത്തിക്കുന്നതിന് നഗരസഭയുടെ വരുമാനം ക്രമാനുഗതമായി വർദ്ധിപ്പിക്കേണ്ടതുണ്ട്. ശക്തമായ സാമ്പത്തിക അടിത്തറയിൽനിന്നു കൊണ്ട് മാത്രമേ മെച്ചപ്പെട്ട ഭരണ-വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ കഴിയുകയുള്ളൂ. അതുപോലെ തന്നെ ഭരണ നിർവ്വഹണത്തിന്റെ ഭാഗമായി നിർവ്വഹണ കാര്യാലയങ്ങളിലും സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ട് ആവശ്യങ്ങൾ നിർവേറ്റികൊടുക്കുന്നതിന് ഒരു പ്രാദേശിക ഗവൺമെൻറ് എന്ന നിലയിൽ നഗരസഭയ്ക്ക് കഴിയണം സംസ്ഥാനത്തെ മുഴുവൻ നഗരസഭ കളിലും വെബ് അധിഷ്ഠിതഫയൽ മാനേജ്മെന്റ് സംവിധാനമായ കെ.സ്മാർട്ട് സ്ഥാപിച്ചതോടെ ഇരിട്ടി നഗരസഭയിലും ഭരണ സേവന രംഗത്ത് വിപ്ലവകരമായ മാറ്റത്തിന് തുടക്കം കുറിക്കു ന്നതിന് സാധിച്ചു. നഗരസഭയക്ക് പുതിയ കൌൺസിൽ ഹാൾ നിർമ്മിക്കുന്നതിന് ഈ കാലയളല വിൽ സാധിച്ചിട്ടുണ്ട്. നഗരസഭ ഓഫീസിൽ അടിസ്ഥാന സൌകര്യങ്ങൾ എല്ലാം ഒരുക്കുന്നതിന് കഴിഞ്ഞ 5 വർഷം കൊണ്ട് സാധിച്ചിട്ടുണ്ട്. മുഴുവൻ സെക്ഷനിലും കമ്പ്യൂട്ടറുകൾ സ്ഥാപിച്ച് ആവശ്യത്തിന് അനുബന്ധ സൌകര്യങ്ങളും ഏർപ്പെടുത്തി. സി സി ടി വി., ഹൈ സ്പീഡ് നെറ്റ് വർക്കിംഗ് സംവിധാനം മെച്ചപ്പെട്ട ഇലക്ട്രിസിറ്റി സംവിധാനം എന്നിവ ഒരുക്കുന്നതിന് സാധിച്ചു. ജി.ഐ.എസ് മാപ്പിംഗിന്റെ ഭാഗമായി നഗരസഭയുടെ സമഗ്ര വിവരങ്ങളും ശേഖരിക്കുന്നതിനും നഗരസഭയുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗ പ്രദമാവുകയും ചെയ്തു ന്നുണ്ട്. നഗരസഭയും ഘടക സ്ഥാപനങ്ങളും നൽകുന്ന മുഴുവൻ സേവന ങ്ങളും അവയുടെ മാനദണ്ഡങ്ങളും വിശദീകരിച്ചുകൊണ്ട് സമഗ്രമായ ഒരു പൌരാവകാശരേഖ പ്രസിദ്ധീകരിക്കു ന്നതിന് ഇക്കാലയളവിൽ സാധിച്ചിട്ടുണ്ട്.



കൃഷിയും അനുബന്ധമേഖലകളും

കാർഷിക മേഖലയ്ക്ക് പ്രധാന്യമുള്ള നഗരസഭയാണ് ഇരിട്ടി നഗരസഭ നാണ്യവിളകൾക്കാണ് മുൻഗണന നെൽകൃഷിയും പാടശേഖരാടിസ്ഥാനത്തിൽ കൃഷി ചെയ്തിരുന്ന മേഖലയായിരുന്നു.9-ാം പഞ്ചവത്സരക്കാലം മുതൽ കാർഷിക മേഖലയിൽ ഒട്ടനവധി പദ്ധതികൾ കാർഷിക വികസനത്തിന് നടപ്പിലാക്കിയെങ്കിലും റബ്ബർ,വാഴ,പച്ചക്കറികൾ ഒഴികെ മറ്റെല്ലാ വിളവുകളുടെയും വിസ്തൃതി കുറഞ്ഞ് വരുകയാണ് ഉണ്ടായത് നഗരസഭയുടെ വടക്കുഭാഗത്തുകൂടി ഒഴുകുന്ന ഇരിട്ടിപ്പുഴ തെക്ക് പടിഞ്ഞാറ് കളറോഡ് തോട്-ഉളിയിൽ വെളിയമ്പ്രത്തോട് കാളാംത്തോട് നെടിയാഞ്ഞിരം ,മണ്ണോറ ആവട്ടി കീഴൂർ,പയഞ്ചേരി മിത്തലപുന്നാട്, എന്നിവിടങ്ങളിലൂടെ ഒഴുകുന്ന തോടുകളും കൈതോടുകളും ഒരുകാലത്ത് ജലസമൃദ്ധമായിരുന്നു.ഇന്നത് മഴക്കാലങ്ങളിൽ വെള്ളമൊഴുകുന്നവയായിമാറി.പഴശ്ശി ജലസേചനപദ്ധതിയുടെ ജലസംഭരണിയുടെ ഭാഗം ഒഴിച്ചാൽ മിക്കഭാഗങ്ങളിലും കുടിവെള്ളത്തിന് പോലും ക്ഷാമം നേരിടുന്ന വരൾച്ച പ്രദേശങ്ങളാണ്.ആട്യാലം,നെല്ല്യാട് മണ്ണോറ, കുണ്ടറിഞ്ഞി, കുറവേരി, മൂവ്വാട് വട്ടക്കയം പുളിക്കുണ്ട്, ഹൊസ്സൻകുണ്ട് മലമക്കാവ് ചെറുവയൽ കോട്ടൂർഞ്ഞാൽ, പുന്നാട്, എടക്കാനം, അത്തിയിൽ, ചാവശ്ശേരി, കാറാട് തുടങ്ങിയ കുളങ്ങളും പ്രധാന ജലസ്രോതസ്സുകളായിരുന്നു. എന്നാൽ കാലാവസ്ഥ വ്യതിയാനവും മണ്ണ് ജല സംരക്ഷണത്തിൻറെ ആഭാവുമാണ് വെള്ളത്തിൻറെ ക്ഷാമം വർദ്ധിച്ച് വരാൻ കാരണമായിട്ടുള്ളത്.

പാടശേഖരങ്ങളിൽ നിന്നും നെൽകൃഷി കുറഞ്ഞ് വരുന്ന സാഹചര്യമാണുള്ളത് ഭൂമി തരിശായി കിടക്കുന്ന അവസ്ഥയും ഉണ്ടായിരുന്നു. തരിശുഭൂമി കൃഷിയോഗ്യമാക്കുന്ന പദ്ധതിയിലൂടെ കുറേ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞെങ്കിലും മെച്ചപ്പെട്ടു വരുന്ന സാഹചര്യമല്ല നിലവിലുള്ളത് **1996-97** ൽ **3** വിളകളിലുംകൂടി **273** ഹെക്ടർ നെൽകൃഷി ഉണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് **15** ഹെക്ടറാണ് നിലവിലുള്ളത്.

തൊഴിലാളികളുടെ അഭാവം, ഉൽപാദനോപാദികളുടെ വിലക്കയറ്റം, പ്രായോഗിക യന്ത്ര സാമഗ്രികളുടെ ലഭ്യതകുറവ്, പരിചയക്കുറവ്, ഉൽപന്ന സംഭരണം, വിപണനം സൗകര്യമില്ലായ്മ, താങ്ങു വിലകളിലുള്ള പോരായ്മ, ജലസേചനക്കുറവ് സമയാസമയങ്ങളിലാവശ്യമായ വിത്ത്, വളം തുടങ്ങിയവ ലഭിക്കാതിരിക്കുക. കാർഷിക തൊഴിലിന് അർഹമായ മാന്യതയും അംഗീകാരവും കിട്ടാതിരിക്കുക, താൽപര്യക്കുറവ് എന്നിവയെല്ലാം പ്രധാന ഘടകങ്ങളാണ് ആളുകൾ കാർശിക മേഖലയിലേക്ക് എത്തുന്നതിനും കൃഷി പിന്നാക്കം പോകുന്നതിനും പ്രധാന തടസ്സങ്ങളാണ്.

സാമൂഹിക മാറ്റത്തിന്റെ ഭാഗമായുള്ള നഗരവൽകരണം നെൽകൃഷിയെയും മറ്റു കൃഷികളെയും സാരമായി ബാധിച്ചിട്ടുണ്ട്. കൃഷി ഭൂമിയെ ലാഭകരവും ഒപ്പം അധ്വാനകുറവുള്ള മറ്റ് വരുമാന/തൊഴിൽ ശ്രോതസ്സുകൾക്കായും ആവശ്യങ്ങൾക്കായും വിനിയോഗിക്കപ്പെടുന്നു. ഉദാ: ബിസിനസ്സ്, റിയൽ എസ്റ്റേറ്റ്, ഭവന നിർമ്മാണം തുടങ്ങിയവ കാലാവസ്ഥാ വ്യതിയാനം മൂലം സമയം തെറ്റി പെയ്യുന്ന മഴ വരൾച്ച എന്നിവയും കൃഷി ചെലവ്,തൊഴിലാളി ക്ഷാമം, വിപണനം, എന്നിവയും നെൽകൃഷിയെ സാരമായി ബാധിക്കുന്നു, ഇക്കാരണങ്ങളാൽ വയലുകൾ നിരന്തരമായി തരിശശിടുകയും കാലക്രമേണ രൂപമാറ്റം വരുത്തി ക്രമവിരുദ്ധമായ മറ്റ് ആവശ്യങ്ങൾക്ക് വേണ്ടി വിനിയോഗിക്കുന്നത് വ്യാപകമായി കാണുന്നു.

2021-22 മുതൽ നടപ്പു വർഷം വരെ കാർഷിക മേഖലയിൽ നഗരസഭ ചെലവഴിച്ച തുകയുടെ വിശഗാംശങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	പദ്ധതികളുടെ എണ്ണം	ചെലവഴിച്ച തുക
2021-22	6	1827140
2022-23	9	1552223
2023-24	9	1537727
2024-25	12	2762531
2025-26	11	നിർവഹണം നടന്നു വരുന്നു

കഴിഞ്ഞ 5 വർഷക്കാലം കൊണ്ട് 51,93,621/- രൂപ കാർഷിക മേഖലയിൽ ചെലവഴിച്ചിട്ടുണ്ട്. എല്ലാ വിധ കാർഷിക വിളകളുടേയും വർദ്ധനവിനായി വിവധ വർഷങ്ങളിൽ പദ്ധതി തയ്യാറാക്കുന്നതിന് നഗരസഭയ്ക്ക് സാധിച്ചിട്ടുണ്ട്. 2021-22 വർഷത്തിൽ സുഭിഷ കേരള പദ്ധതിയുടെ ഭാഗമായി വാഴവിത്ത് വിതരണം, നെൽകൃഷി ഇടവിള കൃഷി എന്നിവ നടപ്പിലാക്കി. കർഷകർക്ക് കശുമാവ് തൈ വിതരണം ചെയ്യുന്നതിനും മാതൃത ഔഷധത്തോട്ടം നിർമ്മിക്കുന്നതിനും സാധിച്ചു.

2022-23 വർഷത്തിൽ സംയോജിത കൃഷി, നെല്ല്,കശുമാവ്, വാഴകൃഷി, തെങ്ങിന് ജൈവവളം വിതരണം എന്നിവയായിരുന്ന നടപ്പിലാക്കിയ പ്രധാന പദ്ധതികൾ. 2023-24 വർഷത്തിൽ വീട്ടുവളപ്പിൽ പച്ചക്കറി കൃഷി പ്രോത്സാഹന പരിപാടിയുടെ ഭാഗമായി ഗുണഭോക്താക്കൾക്ക് പച്ചക്കറി ചട്ടിയും തൈയും വിതരണം ചെയ്തു. തെങ്ങിന് ജൈവവളം, കുമ്മായം, വാഴ, നെല്ല്, പച്ചക്കറി കർഷകർക്ക് കൂലിചെലവ് സബ്സിഡി, തീറ്റപ്പുൽ കൃഷി വ്യപനം എന്നിവ നടപ്പിലാക്കി. 2024-25 വർഷത്തിൽ തെങ്ങിന് ജൈവ വളം വിതരണം – 621 ഗുണഭോക്താക്കൾക്ക് 25 കിലോ വീതം 15525 കിലോ വേപ്പിൻ പിണ്ണാക്ക് വിതരണം ചെയ്തു. ആകെ മൂല്യം 465750രൂപ. ഇതിലൂടെ 5000 ൽ അധികൾ തെങ്ങുകൾക്ക് വളം നൽകാൻ സാധിച്ചു. 50000ത്തിൽ അധികം തേങ്ങ ഉത്പാദനം വർധിപ്പിക്കാനും അതുവഴി 18 ലക്ഷം രൂപയിൽ അധികം വിറ്റു വരവ് കർഷകർക്ക് വർധിപ്പിക്കാനും അതോടൊപ്പം തെങ്ങിനെ ബാധിക്കുന്ന കൊമ്പൻ ചെല്ലിയെ പ്രതിരോധിക്കാനും ഇത് സഹായിച്ചു. കാമുകിൻ തൈ വിതരണം. - 333 കർഷകർക്കായി 3330 മംഗള കമുകിൻ തൈകൾ വിതരണം ചെയ്തു. 99990 രൂപയുടെ മൂല്യം ഇതിൽ കർഷകർക്ക് എത്തിക്കാൻ സാധിച്ചു. വാഴ കന്നു വിതരണം - 16500 വാഴ കന്നുകൾ വിതരണം ചെയ്തതിലൂടെ 250 ടൺ ഇൽ അധികം ഉത്പാദനം ഉണ്ടാക്കാൻ സാധിച്ചു.

ഇതിലൂടെ 1.3 കോടി രൂപയുടെ വിളവ് ഉണ്ടാക്കാൻ സാധിച്ചു. 421 കർഷകർക്കായി 2105 കുറ്റി കുരുമുളക് തൈകൾ വിതരണം ചെയ്തു. പദ്ധതി ചിലവ് 315000രൂപ. ഇതിലൂടെ 10 ടണ്ണിൽ അധികം ഉത്പാദനം ഉണ്ടാക്കാൻ സാധിക്കും അതുവഴി 70 ലക്ഷത്തിൽ അധികം മൂല്യം സൃഷ്ടിക്കാൻ സാധിക്കും. നെൽ കൃഷിക്ക് കൂലിചെലവ് സബ്സിഡി - 22 കർഷകർക്ക് സെന്റിന് 100 രൂപ നിരക്കിൽ സബ്സിഡി അനുവദിച്ചു. കർഷകർക്കായി വാഴ കൃഷി കൂലി ചെലവ് സബ്സിഡി - 18 കർഷകർക്ക് ഒരു സെന്റിന് 100 രൂപ നിരക്കിൽ സബ്സിഡി അനുവദിച്ചു.
തരിശു നെൽ കൃഷി - നഗരസഭ പരിധിയിൽ തരിശു കിടക്കുന്ന വയലുകളിൽ നെൽ കൃഷി നടപ്പില്ലാക്കിയതിലൂടെ 1 ഹെക്ടറോളം സ്ഥലത്ത് നെൽ കൃഷി വർദ്ധിപ്പിച്ചു. ഇതിലൂടെ 5 ടൺ ഇൽ അധികം ഉത്പാദന വർദ്ധനവ് ഉണ്ടായി. പാടശേഖര സമിതി അംഗങ്ങൾക്കു നെൽ വിത്ത് വിതരണം പദ്ധതിയിലൂടെ ഇരിട്ടി നഗരസഭയിലെ 7 പാട ശേഖരങ്ങൾക്ക് 20 ടൺ ഉമ ഇനം നെൽവിത്ത് വിതരണം ചെയ്തു. ആയതിലേക്ക് 84000 രൂപ അനുവദിച്ചു. 20 ഹെക്ടറിലെ ഉത്പാദന വർധനവിലൂടെ 100 ടണ്ണിൽ അധികം ഉല്പാധനം ഉണ്ടാക്കാൻ സാധിച്ചു 30 ലക്ഷം രൂപയിൽ അധികം വിളവ് മൂല്യം സൃഷ്ടിക്കാൻ ഇതുവഴി കഴിഞ്ഞു



മൃഗസംരക്ഷണവും ക്ഷീരവികസനവും

മേച്ചിൽ പുറങ്ങൾ ധാരാളമായി ഉണ്ടായിരുന്ന കുന്നിൻ പ്രദേശങ്ങളായിരുന്നു നമ്മുടെ നഗരസഭ പ്രദേശം അതുകൊണ്ടുതന്നെ കന്നുകാലികൾ വളർത്തൽ പ്രധാന തൊഴിൽ കൂടിയായിരുന്നു സാമ്പത്തികശേഷി കുറഞ്ഞവർക്കും കന്നുക്കുട്ടികളെ പോറ്റാൻ വാങ്ങിച്ചും പശുക്കളെ തീറ്റിയും ഉപജീവനത്തിന്റെ മാർഗ്ഗം കണ്ടെത്തിയിരുന്നു പശു, ആട്, എരുമ, മുതലായ മൃഗങ്ങളും കോഴി അപൂർവമായി താറാവ് ഇവയും വളർത്തിയിരുന്നു. നാടൻ ഇനങ്ങൾ ആയിരുന്നു അധികവും കാളകളെ കന്നുകൂട്ടുന്നതിനും കാളവണ്ടി വലിക്കുന്നതിനും ഉപയോഗിച്ചിരുന്നു മേച്ചിൽ പുറങ്ങളിലും തൊടികളിലും പറമ്പുകളിലും സ്വതന്ത്രമായി മേയാൻ അനുവദിച്ചു കൊണ്ടായിരുന്നു വളർത്തിയിരുന്നത് നെൽകൃഷിയിൽ നിന്ന് കിട്ടുന്ന വൈക്കോലും ക്ഷാമ കാലങ്ങളിൽ തീറ്റ കൊടുക്കുന്നതിനും ഉപയോഗിച്ചിരുന്നു.

നഗരസഭയുടെ കീഴിലുള്ള വെറ്റിനറി പോളിക്ലിനിക്ക് വഴിയാണ് മൃഗ സംരക്ഷണ ക്ഷീര വികസന പദ്ധതികൾ നഗരസഭ നടപ്പിലാക്കി വരുന്നത്. **2021-22, 2022-23 2023-24** വർഷത്തിൽ. ഇരിട്ടി നഗരസഭയെ സമ്പൂർണമായും പാൽ ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തമാക്കുക എന്ന ദീർഘകാല ലക്ഷ്യം മുൻ നിർത്തി ക്ഷീര കർഷകർക്ക് പാൽ ഉൽപ്പാദന സബ്സിഡി, കാലിത്തീറ്റ വിതരണം, ധാതു ലവണ മിശ്രിതം വിതരണം എന്നീ പദ്ധതികൾ തുടർച്ചയായി നടപ്പിലാക്കുന്നുണ്ട്. നഗരസഭയെ സമ്പൂർണ മുട്ട ഉൽപ്പാദന സ്വയംപര്യാപ്ത നഗരസഭ എന്ന ലക്ഷ്യത്തിന്റെ ഭാഗമായി മേൽ വർഷങ്ങളിൽ വർഷത്തിൽ ജനറൽ, പട്ടിക ജാതി, പട്ടിക വർഗം എന്നീ വിഭാഗങ്ങളിലായി ആയിരത്തിലധികം കുടുംബങ്ങൾക്ക് മുട്ടക്കോഴികളെ വിതരണം ചെയ്തിട്ടുണ്ട്. പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് ഒരു ഉപജീവന മാർഗമെന്ന നിലയിൽ പെണ്ണാടുകളേയും വിതരണം ചെയ്തിട്ടുണ്ട്. പോത്തുകുട്ടി വളർത്തൽ, മട്ടുപ്പാവിൽ മുട്ടകോഴി വളർത്തൽ, കറവ പശു വിതരണം, തെരുവ് നായ്ക്കളുടെ പ്രതിരോധ കുത്തിവെയ്പ്പ്, ക്ഷീരകർഷകർക്ക് ധാതുലവണ മിശ്രിത വിതരണം, കറവപശുക്കൾക്ക് കാലിതീറ്റ വിതരണം, ക്ഷീര കർഷകർക്ക് കാലിത്തീറ്റ വിതരണം, മുട്ടക്കോഴി വിതരണം തുടങ്ങിയവ മുൻവർഷങ്ങളിൽ നടപ്പിലാക്കി.

നഗരസഭ പരിധിയിലെ പാൽ ഉൾപ്പാദനം വർദ്ധിപ്പിക്കുന്നതിനും ആളുകൾക്ക് സ്വയം തൊഴിലിൽ നിന്നും വരുമാനം ഉണ്ടാക്കുന്നതിനും നഗരസഭ ഊന്നൽ നൽകിയിട്ടുണ്ട്. മൃഗ ചികിത്സ സംവിധാനം മെച്ചപ്പെടുത്തുന്നതിന് വെറ്റിനറി പോളിക്ലിനിക്കിന്റെ അടിസ്ഥാന സൌകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സാധിച്ചിട്ടുണ്ട്. കന്നുകുട്ടി പരിപാലന രംഗത്ത് ഗവ വിഹിതം ലഭ്യമാകാത്തതിനാൽ ഈ പദ്ധതി രണ്ട് വർഷമായി നഗരസഭയക്ക് ഏറ്റെടുക്കാൻ സാധിച്ചിട്ടില്ല.

ആരോഗ്യം

ഇരിട്ടി മുനിസിപ്പാലിറ്റി പരിധിയിൽ വരുന്ന ജനങ്ങൾ ആരോഗ്യ സേവനങ്ങൾക്കായി ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന സർക്കാർ സ്ഥാപനമാണ് ഇരിട്ടി താലൂക്ക് ആശുപത്രി. കൂടാതെ ഇരിട്ടി നഗരസഭാ പരിധിയിലുള്ള ആയുർവ്വേദ, ഹോമിയോ, യുനാനി ചികിത്സാവിധികളും ജനങ്ങൾ പ്രയോജനപ്പെടുത്താറുണ്ട്. **50497** ആളുകളാണ് ഇരിട്ടി മുനിസിപ്പാലിറ്റിയിലെ **33** വാർഡുകളിലായി താമസിക്കുന്നത്. നഗരസഭയിലെ സ്ത്രീ പുരുഷ അനുപാതം **1000:1066** ആണ്.

നഗരവത്കരണവും ജനസംഖ്യാ പെരുപ്പവും പ്രകൃതി വിഭവങ്ങളുടെ മേലുള്ള സമ്മർദ്ദം വർധിപ്പിക്കുകയും അതുവഴി മലിനീകരണവും വിവിധ രോഗങ്ങളും വർധിപ്പിക്കുകയും ചെയ്യും. കേരളത്തിലെ ജനന നിരക്ക് **14** ആണ്. ഇരിട്ടി നഗരസഭയിൽ **60** വയസ്സ് കഴിഞ്ഞവർ **11%** വും ഭിന്നശേഷിക്കാർ **1.77%** വും ആണ്. വരുന്ന **5** വർഷം കൊണ്ട് മുതിർന്ന പൗരൻമാർ അയ്യായിരത്തിൽ അധികമായിരിക്കും. വ്യത്യസ്തങ്ങളായ ആരോഗ്യ മാനസിക പ്രശ്നങ്ങൾ നേരിടുന്നവരാണ് ഈ വയോജനങ്ങളിൽ ഭൂരിഭാഗവും. ഇവർക്കാവശ്യമായ ചികിത്സയും മറ്റ് കൗൺസിലിങ് സൗകര്യങ്ങളും ഒരുക്കികൊടുക്കേണ്ടതാണ്. കേരളത്തിലെ ജനനിരക്ക് **14.7**ഉം നഗരസഭയുടെ ജനന നിരക്ക് **14.9** മാണ് ഇരിട്ടി നഗരസഭയിലെ **60** കഴിഞ്ഞവർ **10.84%** വും ഭിന്നശേഷിക്കാർ **1.56%** വും ആണ് യഥാക്രമം **4208** ഉം **608** ഉം വരും വരുന്ന **5** വർഷം കൊണ്ട് മുതിർന്ന പൗരന്മാരുടെ

എണ്ണം ചുരുങ്ങിയത് **4600** എങ്കിലും ആകും അതായത് ഓരോ വാർഡിലും ശരാശരി **255** പേർ ഇവരുടെ സവിശേഷമായ ആരോഗ്യപ്രശ്നങ്ങൾ അഭിമുഖീകരിക്കുകയും ഇവരുടെ അറിവും അനുഭവസമ്പത്തും മുൻസിപ്പാലിറ്റിയുടെ വികസനത്തിനായി ഉപയോഗപ്പെടുത്തുകയും ചെയ്യുന്ന പദ്ധതികൾ വിഭാവനം ചെയ്യേണ്ടതുണ്ട്. ഇരിട്ടി മേഖലയിലെ ആളുകൾ ഏറ്റവും അധികം ആശ്രയിക്കുന്ന ആതുരാലയമെന്ന നിലയിൽ താലൂക്ക് ആശുപത്രിക്ക് ലക്ഷക്കണക്കിന് രൂപയാണ് അടിസ്ഥാന സൌകരയ് വികസനത്തിനും ആശുപത്രിയുടെ പ്രവർത്തനത്തിനുമായി ഓരോ വർഷവും നഗരസഭ വകയിരുത്തുന്നത്. ആശുപത്രിയിലെ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന് കൂടുതൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടേയും പാരാമെഡിക്കൽ ജീവനക്കാരുടേയും സേവനം അത്യാവശ്യമാണ്.

നഗരസഭയ്ക്ക് ആരോഗ്യ മേഖലയക്കായി വിവിധ ഇനത്തിലുള്ള ഫണ്ട് ഉപയോഗപ്പെടുത്തി കഴിഞ്ഞ വർഷം **41** പദ്ധതികളിലായി **1.14** കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. പ്രധാനമായും താലൂക്ക് ആശുപത്രി സൂപ്രണ്ട്, ആയുർവേദ മെഡിക്കൽ ഓഫീസർ എന്നവരും ഹെൽത്ത് ഗ്രാന്റ് പദ്ധതികളിൽ ചിലത് നഗരസഭ സെക്രട്ടറിയും നിർവഹണ ഉദ്യോഗസ്ഥരായാണ് പദ്ധതി നിർവഹണം നടത്തുന്നത്. അതി ദരിദ്രർക്ക് മരുന്ന് വാങ്ങൽ കണ്ണൂർ ഫൈറ്റ്സ് കാൻസർ, ഹോമിയോ ഡിസ്പെൻസറി നവീകരണം നരയംപാറ സബ് സെൻറർ വെൽനസ്സ് സെൻററായി ഉയർത്തൽ, താലുക്ക് ആശുപത്രി മുറ്റം നവീകരണം, ചാവശ്ശേരി സബ്സെൻറർ വെൽനസ് സെൻററായി ഉയർത്തൽ, നടുവനാട് സബ്സെൻറർ വെൽനസ് സെൻററായി ഉയർത്തൽ, ആയൂർവേദ ആശുപത്രി കെട്ടിടം നവീകരണം, താലൂക്ക് ആശുപത്രി പഴയ കെട്ടിടം നവീകരണം പത്തൊമ്പതാം മൈൽ ഹെൽത്ത് വേൾനെസ്സ് സെൻറർ സ്ഥാപിക്കൽ ഇരിട്ടി താലൂക്ക് ആശുപത്രി ലാബിലേക്കും സബ് സെൻററുകളിലും റീ ഏജൻറ് കിറ്റ് മുതലായവ സൂക്ഷിക്കുന്നതിനുള്ള സംവിധാനം ഒരുക്കൽ തുടങ്ങിയ നടന്നുവരുന്നു. അതിദരിദ്രർക്ക് മരുന്ന് വാങ്ങുന്നതിനുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി ആവശ്യമായ മരുന്നുകൾ ആശുപത്രിയിൽ നിന്നും സൌജന്യമായി തന്നെ ലഭ്യമാണ്. ഡയാലിസിസ് രോഗികൾക്കുള്ള ധനസഹായം പദ്ധതി നടപ്പിലാക്കുന്നതിന് മെഡിക്കൽ ഓഫീസർ തയ്യാറാവാത്ത വിഷയം കൂടി നിലവിലുണ്ട്. ഹെൽത്ത് ഗ്രാന്റ് പദ്ധതികളിൽ പുന്നാട് അർബൻ ഹെൽത്ത് ആന്റ് വെൽനസ്സ് സെന്റർ പദ്ധതി പ്രകാരം നടന്നു വരുന്നു. പത്തൊമ്പതാം മൈലിൽ ഹെൽത്ത് ഗ്രാൻറ് ഫണ്ട് ഉപയോഗിച്ച് വെൽനസ്സ് സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ആശുപത്രിയോട് ചേർന്ന് ഡയാലിസിസ് സെന്ററും പ്രവർത്തിച്ചു വരുന്നു. ആശുപത്രിയിലേക്കും ഡയാലിസിസ് സെന്ററിലേക്കും ആവശ്യമായ നഗരസഭ നിയമിച്ച ജീ4വനക്കാരുടെ ശമ്പളം, മരുന്നുകളും കൺസ്യൂമബിൾസ്, ബയോ മെഡിക്കൽ മാലിന്യ നിർമ്മാർജനം എന്നിവ തുടർച്ചയായി നഗരസഭ പദ്ധതി തുക ചെലവഴിക്കുന്ന മേഖലകളാണ്. **2023-24** പദ്ധതിയിൽ ഉൾപ്പെടുത്തി **5** ലക്ഷം രൂപ മുതൽ മുടക്കിൽ വനിതകൾക്ക് മെനുസ്ട്രൽ കപ്പ് വിതരണം ചെയ്തു. നടപ്പ് വർഷം ആശുപത്രിയുടെയും സബ് സെന്ററുകളുടേയും അടിസ്ഥാന സൌകര്യം, ഇ ഗവേണൻസ് എന്നിവയക്ക് വലിയ തുകയാണ് വകയിരുത്തിയത്. **2025-26** പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു ബോഡി ഫ്രീസർ നഗരസഭ ലഭ്യമാക്കിയിട്ടുണ്ട്.



ശുചിത്വം -മാലിന്യ സംസ്കരണം

അനുദിനം നഗരവൽക്കരിക്കപ്പെടുന്ന ഒരു പ്രദേശമെന്ന നിലയിൽ സംസ്കരിക്കപ്പെടാത്ത മുൻസിപ്പാലിറ്റിയിലെ 168 വീടുകളിൽ മാത്രമാണ് ഏതെങ്കിലും തരത്തിലുള്ള മാലിന്യ സംസ്കരണ സംവിധാനം ഉണ്ടായിരുന്നത്. മാലിന്യം ഒരു പൊതുജന പ്രശ്നമായി കണ്ടുകൊണ്ട് കഴിഞ്ഞ രണ്ടു വർഷങ്ങളിലായി കൂടുതൽ വീടുകളിൽ മാലിന്യ മാലിന്യ സംസ്കരണ സംവിധാനങ്ങൾ നഗരസഭയുടെ നേതൃത്വത്തിൽ നിർമ്മിച്ചിട്ടുണ്ട്, റിംഗ് കം പോസ്റ്റ് ബയോബിൻ തുടങ്ങിയ മാലിന്യ സംസ്കരണ ഉപകരണങ്ങൾ സർവ്വേ നടത്തിയതിന്റെ അടിസ്ഥാനത്തിൽ വിതരണം ചെയ്തിട്ടുണ്ട്.
മാലിന്യ സംസ്കരണം രൂക്ഷമാകുന്നതിൽ പ്ലാസ്റ്റിക് സഞ്ചികളുടെ പങ്ക് വളരെ വലുതാണ് നിലവിലുള്ള നിയമപ്രകാരം നിയമം ശക്തമായി നടപ്പിലാക്കിയാൽ തന്നെ ഈ പ്രശ്നം വലിയൊരു അളവ് വരെ പരിഹരിക്കാൻ സാധിക്കും. നഗരസഭയുടെ വിവിധ വാർഡുകളിലായി 75 മിനി എം.സി.എഫുകൾ സ്ഥാപിച്ചിട്ടുണ്ട്. നഗരസഭയുടെ വിവിധ വാർഡുകളിൽ നിന്ന് ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ മിനി എം.സി.എഫ്ളിൽ നിന്നും സംഭരിക്കുകയും അവിടെ നിന്ന് എം.സി.എഫ് (ഗോഡൗൺ) കളിലേക്ക്കൊണ്ടു പോകുകയുംചെയ്യുന്നു. ടി സ്ഥലത്തു നിന്ന് അജൈവ മാലിന്യങ്ങൾ നിലവിൽ ക്ലീൻ കേരള കമ്പനി അവരുടെ സംസ്കരണ ശാലയിലേക്ക് കൊണ്ടുപോകുന്നു. നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ പ്ലാസ്റ്റിക് ബോട്ടിലുകൾ ശേഖരിക്കുന്നതിനായി ബോട്ടിൽ ബൂത്തുകൾ സ്ഥാപിച്ചിട്ടുണ്ട്. നഗരസഭയിലെ അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി ഹരിത കർമ്മസേനാംഗങ്ങൾ പ്രവർത്തനം നടത്തുന്നു. വീടുകളിലെ ഉറവിട മാലിന്യ സംസ്കരണത്തിനായി വാർഷിക പദ്ധതിയിൽ ബയോബിന്നുകൾ, റിംഗ് കമ്പോസ്റ്റുകൾ എന്നിവ വിതരണം ചെയ്യുന്നതിന് പദ്ധതി തയ്യാറാക്കി നടപ്പിലാക്കി വരുന്നുണ്ട്. നഗരസഭയിലെ ജൈവ മാലിന്യങ്ങൾസംസ്കരിക്കുന്നതും അത്തിത്തട്ടിലെ വിൻഡ്രോ കമ്പാസ്റ്റിംഗ് യൂണിറ്റ് വഴിയാണ്. ഏകദേശം അര ടണോളം ജൈവമാലിന്യങ്ങൾ നഗരസഭയിലെ പ്രധാന ടൗൺ ആയ ഇരിട്ടിയിൽ നിന്നും ചെറു പട്ടണങ്ങളിൽ ദിവസേന ശേഖരിച്ചു സംസ്കരിച്ചു വരുന്നു. ഇതിനോടനുബന്ധിച്ച് തുമ്പൂർമൂഴി പ്രവർത്തിക്കുന്നുണ്ട്.
മാലിന്യ രംഗത്ത് കെ.എസ്.ഡബ്ല്യു.എം പി പദ്ധതിയിൽ ഉൾപ്പെടുത്തി 1 കോടിയിലധികം രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. നഗരസഭയുടെ പദ്ധതികളി ശുചിക്വ മിഷനും വലിയ തുക തന്നെ വിഹിതമായി അനുവദിക്കുന്നുണ്ട്. സംസ്ഥാനത്ത് ആദ്യമായി ദ്രവമാലിന്യ സംസ്കരണത്തിന് 95 ലക്ഷം രൂപ ചെലവിൽ നൂതന മൊബൈൽ സെപ്റ്റേജ് ട്രീറ്റ് മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടകൾ നഗരസഭ ആരംഭിച്ചിട്ടുണ്ട്.

നഗരസഭയിലെ അജൈവ മാലിന്യ സംസ്കരണോപാധികൾ

കണ്ടെയ്നർ എം.സി.എഫ് - 4	മിനി എം സി എഫ് -75
ബോട്ടിൽ ബൂത്ത് - 66	ട്വിൻ ബിൻ - 25
















ഫ്ലാഗ് ഓഫ്








BIO MEDICAL WASTE


LABORATORY
ഇരിട്ടി നഗരസഭ


ഇരിട്ടി നഗരസഭ
കൗൺസിൽ ഹാൾ
ഹരിത


durex


ST: PLANNING COMMITTEE-KANNUR
ഡി സി കണ്ണൂർ






ഇരിട്ടി നഗരസഭ
കൗൺസിൽ ഹാൾ











മാലിന്യ സംസ്കരണ മേഖലയിൽ കൈവരിച്ച നേട്ടങ്ങൾ ഒറ്റ നോട്ടത്തിൽ

- സ്വച്ഛ് സർവേക്ഷൻ ദേശീയ റാങ്കിങ്ങിൽ ഇരിട്ടി നഗരസഭയ്ക്ക് 250ാം സ്ഥാനം
- ഗാർബേജ് ഫ്രീ സിറ്റി – വൺ സ്റ്റാർ റേറ്റിംഗും ODF+ പദവിയും
- അത്തിത്തട്ടിൽ തുമ്പൂർമൂഴി, വിൻഡ്രോ കമ്പോസ്റ്റ് പ്രവർത്തന ക്ഷമമാക്കി.
- ജൈവാമൃതം എന്ന പേരിൽ നഗരസഭയുടെ തനത് ജൈവവളം ഉൽപ്പാദിപ്പിക്കുന്നു
- 7049 വീടുകളിൽ ഉറവിട മാലിന്യ സംസ്കരണ സംവിധാനം നൽകി.
- സർക്കാർ സ്ഥാപനങ്ങളിലും സ്കൂളുകളിലും നാപ്കിൻ ഇൻസിനറേറ്ററുകൾ സ്ഥാപിച്ചു.
- ഇരിട്ടി പഴയ ബസ്റ്റാന്റിൽ RRR സെന്റർ
- ഹരിത കർമ്മ സേനയ്ക്ക് പിക്ക് അപ്പ് വാനും ആരോഗ്യ വിഭാഗത്തിന് എൻഫോഴ്സ്മെന്റ് വാഹനവും
- ശുചീകരണത്തിന് 20 ജീവനക്കാരും 70 ഹരിത കർമ്മ സേനയും സുസജ്ജം
- ലെഗസി മാലിന്യങ്ങൾ കൈയ്യൊഴിയാൻ സമഗ്ര പദ്ധതി
- ഇരിട്ടി ടൌണും ചെറിയ പട്ടണങ്ങളും സൌന്ദര്യ വൽക്കരണം നടത്തി.
- നഗരസഭയിലെ 34 ഇടങ്ങളിൽ സി സി ടി വി ക്യാമറകൾ സ്ഥാപിച്ച് നിരിക്ഷണം നടത്തുന്നു.
- അത്തിത്തട്ടിൽ എം സി എഫും ആർ ആർ എഫും പ്രവർത്തിക്കുന്നു
- മുത്തപ്പൻകരിയിൽ പുതിയ എം സി എഫ് നിർമ്മാണം അന്തിമ ഘട്ടത്തിൽ



പ്രാദേശിക സാമ്പത്തിക വികസനം

ഇരിട്ടി മുനിസിപ്പാലിറ്റിയിലെ മൊത്തം തൊഴിൽ മേഖലയും വ്യവസായ മേഖലയും പരിശോധിച്ചാൽ ഈ മേഖലയുടെ അവസ്ഥ വളരെ പരിതാപകരമാണ് പൊതുമേഖലയിലോ സ്വകാര്യ മേഖലയിലോ വൻകിട വ്യവസായങ്ങളുടെയും ചെറുകിട വ്യവസായങ്ങളുടെയുംകാര്യത്തിൽ കാര്യമായ മുന്നേറ്റം ഉണ്ടായിട്ടില്ല. ഈ നൂറ്റാമറ്നിറെ ആരംഭത്തിൽ തന്നെ പരമാപരാഗത വ്യവ സായങ്ങളുടേയും ചെറുകിട വ്യവസായങ്ങളുടേയും കൈത്തറി, കള്ളുചെത്ത്. എണ്ണയാട്ടൽ, അവിലിടി, തുടങ്ങിയവയുടേയും പരമാപരാഗത വ്യവസായങ്ങളായ ഓലക്കുട നിർമ്മാണം, മൺപാത്ര നിർമ്മാണം, പായ,കുട്ട. മുറം നിർമ്മാണങ്ങളുടേയും പ്രദേശികമായ തൊഴിൽ സാഹ ചര്യം ഇവിടെ ഉണ്ടായിരുന്നു. കാലക്രമേണ ഇത്തരത്തിലുള്ള തൊഴിൽ മേഖലകൾ ഇല്ലാതാവുക യോ യന്ത്ര വൽക്കരണത്തിലൂടെ മാറ്റങ്ങൾ ഉൾക്കൊള്ളുകയോ ചെയ്തിട്ടുണ്ട്.

ജനകീയാസൂത്രണ പദ്ധതി കാലം മുതൽ നഗരസഭ പ്രദേശികമായ വ്യവസായങ്ങൾ ആരംഭിക്കു ന്നതിനും അതിലൂടെ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും മുൻഗണന നൽകുന്നുണ്ട്. കുടുബശ്രീ മുഖേന നിരവധി ഗ്രൂപ്പ് സംരഭങ്ങൾ കഴിഞ്ഞ ഏതാനും വർഷങ്ങൾക്കൊണ്ട് തന്നെ ആരംഭിച്ചിട്ടുണ്ട്. മലയോരമേഖലയിലെ ഏറ്റവും വലിയ പട്ടണമെന്ന നിലയിൽ പ്രദേശികമായി

ലഭിക്കുന്ന വിഭവ സ്രോതസ്സുകൾ ഉപയോഗിച്ച് മൂല്യ വർദ്ധതിത ഉൽപ്പനങ്ങളുടെ നിർമ്മാണത്തിനും വിപണനത്തിനും നഗരസഭയിൽ വലിയ സാധ്യതയാണ് ഉള്ളത്. എന്നാൽ ഈ മേഖലയിലേക്ക് ആളുകൾ കടന്നു വരുന്നില്ല എന്നത് പ്രധാന പ്രശ്നങ്ങളിൽ ഒന്നാണ്.
കഴിഞ്ഞ 5 വർഷക്കാലയളവിൽ നിരവധി ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് സാധിച്ചു. കുട നിർമ്മാണ യൂണിറ്റ്, കുടുബശ്രീ ജനസേവന കേന്ദ്രം കഫെ, ഡേ കെയർ സെന്റർ, സ്കൂഫെ സ്കൂൾ കാന്റീൻ, ചിക്കൻ ഫാം, എൽ.ഇ.ഡി ബൾബ് നിർമ്മാണ യൂണിറ്റ്, ഇന്നർവെയർ നിർമ്മാണ യൂണിറ്റ്. ഫാഷൻ ഡിസൈനിംഗ് യൂണിറ്റ് എന്നിവ ഇക്കാലയളവിൽ വിജയകരമായി നടപ്പിലാക്കിയ സംരഭങ്ങളാണ്.



സാമൂഹ്യ നീതി

ക്ഷേമരാഷ്ട്രം എന്ന സങ്കല്പത്തെ അടിസ്ഥാനമാക്കി സമൂഹത്തിൽ അവശത അനുഭവിക്കുന്ന എല്ലാവർക്കും നീതി ഉറപ്പുവരുത്തുക എന്നതാണ് സാമഹ്യനീതി കൊണ്ട് ലക്ഷ്യമിടുന്നത്.
അവശത അനുഭവിക്കുന്ന സ്ത്രീകൾ ശേഷികളിൽ അസമാനതകൾ ഉള്ളവർ മാനസികമായി ബുദ്ധിമുട്ടുകൾ നേരിടുന്നവർ, കുട്ടികൾ, അഗതികൾ, അനാഥർ,അവഗണന അനുഭവിക്കുന്ന കുട്ടികൾ ,സാമൂഹികമായി വേർതിരിക്കപ്പെട്ടവർ തുടങ്ങിയ ജനസാമാന്യത്തിലെ അർഹതയുള്ള വിഭാഗങ്ങളുടെ സാമൂഹിക ക്ഷേമം ഉറപ്പാക്കുന്ന പരിപാടികൾക്കായി ഓരോ വർഷവും നഗരസഭയുടെ പദ്ധതിയിലെ നിശ്ചിത തുക മാറ്റിവയ്ക്കുന്നുണ്ട്.

ഭിന്നശേഷിയുള്ളവരെ എടുത്തു പരിശോധിച്ചാൽ അവർക്ക് നമ്മുടെ സമൂഹത്തിൽ വേണ്ടത്ര പരിഗണന ലഭിക്കുന്നില്ലായെന്നും സാമ്പത്തികമായി വളരെയേറെ പ്രയാസവും വേണ്ടത്ര വിദ്യാഭ്യാസം ലഭിക്കാനുള്ള സാഹചര്യം ഇല്ലായ്മയും സ്വന്തമായി തൊഴിലില്ലായ്മയും അവർക്ക് അനുയോജ്യമായ എല്ലാ മേഖലയിലും സൗകര്യക്കുറവും അവർ അംഗീകരിക്കുന്ന പ്രശ്നങ്ങളാണ്. നഗരസഭയിൽ ഭിന്നശേഷിക്കാർക്ക് പഠിക്കാനുള്ള ബഡ്സ് സ്കൂളുകൾ, സ്വയംതൊഴിൽ പരിശീലന കേന്ദ്രങ്ങൾ, ആവശ്യമായ ഉപകരണങ്ങൾ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്. ഭിന്നശേഷിക്കാരായി വിവിധ തരത്തിൽ ബുദ്ധിമുട്ടുകളനുഭവിക്കുന്ന എണ്ണൂറോളം ആൾക്കാർ നഗരസഭ പരിധിയിലുണ്ട് ഇവർക്കായി വിദ്യാഭ്യാസ സ്കോളർഷിപ്പുകളും, ഉപകരണങ്ങളും, മുച്ചക്ര വാഹനങ്ങളും പദ്ധതികളിലുൾപ്പെടുത്തി വിതരണം ചെയ്ത് വരുന്നുണ്ട്. എല്ലാവർഷവും വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് മുന്നോടിയായി ഭിന്നശേഷിക്കാർക്കായും വയോജനങ്ങൾക്കായും പ്രത്യേക വാർഡ് സഭ വിളിച്ചു ചേർത്ത് നിർദ്ദേശങ്ങൾ തയ്യാറാക്കിവരുന്നുണ്ട്. 2024-25 വർഷത്തെ വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ഭിന്നശേഷിക്കാരുടെയും വയോജനങ്ങളുടേയും ഒരു സംഗമം നടത്തിയാണ് അവർക്കുള്ള വാർഡ് സഭ ചേർന്നത്. ഈ മാതൃക ഭിന്നശേഷിക്കാർക്കും വയോജനങ്ങൾക്കും പുതിയൊരു അനുഭവമായി
ഇരിട്ടി നഗരസഭ പരിധിയിൽ താമസിക്കുന്ന ഭിന്നശേഷിക്കാർ, അഗതികൾ കിടപ്പു രോഗികൾ എന്നിങ്ങനെ വിവിധങ്ങളായ വിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനായി നഗരസഭ വ്യത്യസ്തങ്ങളായ പദ്ധതികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നുണ്ട്.

വാർഷിക പദ്ധതിയിൽ ഭിന്നശേഷിക്കാർക്കായി ഇലക്ട്രോണിക്സ് വീൽ ചെയർ, സാധാവീൽ ചെയർ, ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, ഭിന്നശേഷിക്കാർക്ക് മെഡിക്കൽ ക്യാമ്പും ഉപകരണ വിതരണവും, കോക്ലീയാർ ഇംപ്ലാന്റ് റിപ്പയർ തുക കൈമാറൽ, ഭിന്നശേഷി സംഗമം, ശ്രവണ സഹായി വിതരണം, വയോജന സംഗമം, കട്ടിൽ വിതരണം, വാക്കർ വിതരണം എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയിട്ടുണ്ട്.
ഐ.സി.ഡി.എസ് സൂപ്പർവൈസറാണ് ഈ മേഖലയിലെ പദ്ധതി നിർവഹണ ഉദ്യോഗസ്ഥൻ. 2024-25 വർഷത്തിൽ സാമൂഹ്യനീതി വനിത ശിശുവികസനം മേഖലകളിൽ തയ്യാറാക്കിയ മുഴുവൻ പദ്ധതികളും പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്. അംഗൻവാടി പോഷകാഹാര പദ്ധതി പ്രകാരം നഗരസഭ പരിധിയിലെ 6 നും മൂന്നിനും ഇടയിലുള്ള കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, എന്നിവർക്ക് കൃത്യമായ അളവിലും അനുപാതത്തിലും മുടക്കം കൂടാതെ പോഷകാഹാരം നമൽകുന്നുണ്ട്. ഇതുവഴി നഗരസഭ പരിധിയിൽ കുട്ടികളിലെ തൂക്കകുറവ്, വളർച്ച മുരടിപ്പ് എന്നിവ തടയുന്നതിന് സാധിച്ചിട്ടുണ്ട്.

ഭിന്നശേഷിക്കാർക്കും വയോജനങ്ങൾക്കും അവരുടെ ആരോഗ്യ സംരക്ഷണത്തിനും മാനസികോല്ലാസത്തിനും ഉതകുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വയോജനങ്ങൾക്ക് ശ്രവണ സഹായിയും, ഭിന്നശേഷിക്കാർക്ക് സഹായോപകരണങ്ങളും വിതരണം ചെയ്യാൻ സാധിച്ചു. ഭിന്നശേഷിക്കാരായ 106 കുട്ടികൾക്ക് മാർഗരേഖ പ്രകാരം അനുവദനീയമായ മുഴുവൻ തുകയും സ്കോളർഷിപ്പ് നൽകുന്നതിന് സാധിച്ചു. എല്ലാ വർഷവും 100ൽ അധികം ഗുണഭോക്താക്കൾക്ക് ഭിന്നശേഷി സ്കോളർഷിപ്പും ബത്തയും നൽകിവരുന്നുണ്ട്. ഭിന്നശേഷിക്കാർക്കും വയോജനങ്ങൾക്കും വേണ്ടി സംഗമങ്ങൾ, ഉപകരണ വിതരണം എന്നിവ നടഗരസഭ തുടർച്ചയായി നടപ്പിലാക്കി വരുന്ന പദ്ധതികളാണ്. വയോമിത്രം ക്ലിനിക്കുകളിലൂടെ വയോജനങ്ങൾക്ക് സൌജന്യ ആരോഗ്യ സേവനം നൽകിവരുന്നു.
നഗരസഭയിൽ നിന്നും നൽകുന്ന സാമബഹ്യ സുരക്ഷ പെൻഷനുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

- ▶ ഇന്ദിരാഗാന്ധി ദേശിയ വാർധക്യകാല പെൻഷൻ - **3155**
- ▶ ഇന്ദിരാഗാന്ധി ദേശിയ വിധവ പെൻഷൻ - **1718**
- ▶ ഇന്ദിരാഗാന്ധി ദേശിയ ഭിന്നശേഷി പെൻഷൻ - **561**
- ▶ കർഷക തൊഴിലാളി പെൻഷൻ - **657**
- ▶ 50 വയസുകഴിഞ്ഞ അവിവാഹിത സ്ത്രീകൾക്കുള്ള പെൻഷൻ - **129**



ജെന്റർ വികസനവും കുട്ടികളുടെ വികസനവും

കുടുംബശ്രീ യൂണിറ്റുകളിലൂടെയും വനിതാ സംഘങ്ങളിലൂടേയും വനിതകളുടെ ശക്തമായ മുൻനിര കെട്ടിപ്പടുക്കേണ്ടതുണ്ട്. വനിതാ സഹകരണ സംഘങ്ങൾ, പ്രിന്റിംഗ് പ്രസ്സുകൾ, പല ഹാര നിർമ്മാണ യൂണിറ്റുകൾ എന്നിവയിലൂടെ വനിതകളുടെ ജീവിത നിലവാരം ഉയർത്തേണ്ടതാണ്. വിദ്യാലയങ്ങളിലും, പൊതു സ്ഥാപനങ്ങളിലും, പൊതു സ്ഥലങ്ങളിലും വിദ്യാർത്ഥികൾക്കും സ്ത്രീകൾക്കും പ്രാഥമിക സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്. സ്ത്രീകൾ കുടുംബനാഥകളായ ദാരിദ്ര്യം അനുഭവിക്കുന്ന ഒരുപാട് കുടുംബങ്ങൾ ഉണ്ട്.

അവരുടെ സാമൂഹ്യ സാമ്പത്തിക പദവികൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ നഗരസഭ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. വാർഷിക പദ്ധതിയുടെ 10 ശതമാനത്തിലധികം തുക നഗരസഭ വനിതാ ഘടകപദ്ധതികൾക്കായി മാറ്റിവച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി വിമൻ ഫെസിലിറ്റേറ്ററെ നിയമിച്ചുകൊണ്ട് നഗരസഭ സ്ത്രീപദവി പഠനം പൂർത്തീകരിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. നഗര സഭയിലെ 35 അംഗൻവാടികളും വനിതകളുടേയും കുട്ടികളുടേയും കൌമാരക്കാരുടേയും വികസനത്തിനും ക്ഷേമത്തിനുമുള്ള കേന്ദ്രങ്ങളാണ്. 33 അംഗൻവാടികൾ സ്വന്തം കെട്ടിടത്തിലും 2 എണ്ണം വാടക കെട്ടിടത്തിലും പ്രവർത്തിക്കുന്നു. നഗരസഭയുടെ വികസനഫണ്ടും സെൻടൽ ഷെയറും ഉപയോഗിച്ച് പദ്ധതികൾ നടപ്പിലാക്കുന്നതിനാൽ അംഗൻവാടികളുടെ പ്രവർത്തന ത്തിന് നിലവിൽ ഫണ്ട് ലഭ്യതക്കുറവ് ഇല്ല. അംഗൻവാടികളികളിൽ ആവശ്യമായ അടിസ്ഥാന സൌകര്യങ്ങൾ നിലവിൽ ഉണ്ട്. 2023-24 പദ്ധതിയിൽ ഉൾപ്പെടുത്തി 20 അംഗൻവാടികളിൽ കുഴൽ കിണർ നിർമ്മിക്കുന്നതിന് സാധിച്ചു. നഗരസഭ പരിധിയിലെ അംഗനകളുടെ അടിസ്ഥാന സൌകര്യ വികസനത്തിന് എല്ലാ വർഷവും വലിയ തുക തന്നെ നീക്കിവയ്ക്കാറുണ്ട്. വെളിയന്ത്ര യിൽ ഇറിഗേഷൻ വകുപ്പിൽ നിന്നും വിട്ടുകിട്ടിയ സ്ഥലത്ത് പുതിയ അംഗൻവാടി നിർമ്മിക്കുന്ന തിന് സാധിച്ചു.

അംഗൻവാടികളിൽ എല്ലാ വർഷവും പോഷകാഹാര വിതരണത്തിന് വലിയ തുക മാറ്റിവയ്ക്കാ റുണ്ട്. അംഗൻവാടികൾക്ക് അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കുന്നതിനും പ്രഭാത ഭക്ഷണ പരി പാടി നടത്തുന്നതിനും മിക്സി, ഇഡ്ഡലി സ്റ്റീമർ, എന്നവയും വെയിംഗ് സ്കെയിൽ, കസേരകൾ എന്നിവയും 2024-25 പദ്ധതിയിൽ നടപ്പിലാക്കി. സ്ത്രീ പദവി പഠനത്തിന്റെ ഭാഗമായി കണ്ടെത്തിയ വിവിധ വിഷയങ്ങളിൽ ജാഗ്രത സമിതി പ്രവർത്തനങ്ങൾ, ബോധവൽക്കരണ ക്ലാസുകൾ , കരുത ലോടെ കൌമാരം പദ്ധതി പ്രകാരമുള്ള സ്കൂളുകളിലെ പ്രവർത്തനങ്ങൾ എന്നിവ സംഘടിപ്പിച്ചു.



ദാരിദ്ര്യലഘൂകരണം,ചേരി പരിഷ്ക്കരണം.

നഗരസഭാപരിധിയിലുള്ള സാമ്പത്തികവും സാമൂഹികവും വിദ്യാഭ്യാസ പരവുമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗത്തിൻറെ ക്ഷേമവും ഉന്നമനവും ഉറപ്പുവരുത്തുന്ന വിധത്തിൽ ഇവരെ സമൂഹത്തിൻറെ മുഖ്യധാരയിലേക്ക് എത്തുക്കാനുള്ള പ്രവർത്തനങ്ങൾ നടപ്പിൽ വരേണ്ടതുണ്ട്. ആശ്രയ, പട്ടികജാതി പട്ടിക വർഗ്ഗ കുടുംബങ്ങൾ ഉൾപ്പെടെയുള്ള ദരിദ്രകുടുംബങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും സ്വയം തൊഴിലിലൂടെ അവരെ സ്വയം പര്യാപ്തതയിലെത്തിക്കുന്നതിന് ഒരു പരിധിവരെ ഇതുവരെ നടപ്പിലാക്കിയ പദ്ധതി പ്രവർ ത്തനങ്ങളിലൂടെ സാധിച്ചിട്ടുണ്ട്.കുടുംബശ്രീ സംവിധാനം നിലവിൽ വന്നതോടുകൂടി ദാരിദ്ര്യ ലഘൂകരണ രംഗത്ത് വിപ്ലവകരമായ മാറ്റം സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട് .

കുടുംബശ്രീ സംവിധാനം 2002 മുതൽ 1860 രജിസ്ട്രേഷൻ നമ്പർ പ്രകാരം കീഴൂർ ചാവശ്ശേരി സി.ഡി.എസ് ആയും 2015 നവംബർ 1 മുതൽ ഇരിട്ടി നഗരസഭ സി.ഡി.എസ് ആയും പ്രവർത്തിച്ചു വരുന്നു. 368 കുടുംബശ്രീ അയൽക്കൂട്ടങ്ങളിലായി 6680 വനിതകൾ അംഗങ്ങളാണ് കൂടാതെ 7 ഭിന്നശേഷി അയൽക്കൂട്ടവും 57 വയോജന അയൽക്കൂട്ടവും നിലവിലുണ്ട് . കാർഷിക മേഖല,തൊഴിൽ മേഖലകൾ നഗരസഭ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ എന്നിവ ഏറ്റെടുത്ത് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ എന്നിവ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിൽ കുടുംബശ്രീയുടെ പങ്ക് വളരെ വലുതാണ്. അഗതികൾക്ക് ആശ്രയമായി ആശ്രയ പദ്ധതി,കുട്ടികൾക്ക് ബാലസഭ സാമ്പത്തിക ഉന്നമനത്തിനും ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനും വേണ്ടിയുള്ള കാർഷിക ജെ.എൽ.ജികൾ,സംരംഭങ്ങൾ ഉത്സവ ചന്തകൾ എഫ്.എഫ്.സി എം.കെ.എസ്.പി തുടങ്ങി വിവിധയിനം പ്രവർത്തനങ്ങൾ സി.ഡി.എസ് ൻറെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നു. വിവിധ സർവ്വേകൾ കുടുംബശ്രീ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്.

അതിദാരിദ്രമുക്ത നഗരസഭയായി ഇരിട്ടിയും

- ആകെ അതിദരിദ്രർ - 184
- വരുമാനം ആവശ്യമുള്ള 2 പേർക്ക് കുടുബശ്രീ ഉജ്ജീവനം പദ്ധതിയിലൂടെ ഉപജീവന മാർഗം നൽകി
- ആവശ്യമുള്ള മുഴുവൻ പേർക്കും ആധാർകാർഡ്, തൊഴിൽ കാർഡ്, റേഷൻകാർഡ് എന്നിവ നൽകി.
- പി.എം.എ.വൈ- ലൈഫ് പദ്ധതിയിലൂടെ 15 പേർക്ക് വീട് നൽകി
- വീടും സ്ഥലവും ആവശ്യമുള്ള 3 പേർക്ക് നഗരസഭ സ്വന്തമായി സ്ഥലം കണ്ടെത്തി നൽകി.
- 2 പേർക്ക് ചിറ്റിലപ്പള്ളി ഫൌണ്ടേഷൻ സ്ഥലം നൽകി
- 5 പേർക്ക് നഗരസഭ തനത് ഫണ്ട് ഉപയോഗിച്ച് വീട് നിർമ്മിച്ചു നൽകുന്നു
- അതിദരിദ്രർക്ക് സൌജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു.
- ഏറ്റവും അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് ഓണത്തിന് കിറ്റ് വിതരണം ചെയ്തു.
- 2025 മെയ് 27 ന് ഇരിട്ടിയെ അതിദാരിദ്ര മുക്തമാക്കി നഗരസഭയായി പ്രഖ്യാപിച്ചു.

പാർപ്പിടം

ഒമ്പതാം പഞ്ചവത്സര പദ്ധതി കാലംതൊട്ട് SC/ST വിഭാഗങ്ങളെയും ന്യൂനപക്ഷങ്ങളെയും പാവപ്പെട്ടവരെയും ലക്ഷ്യം വെച്ചുകൊണ്ട് കേന്ദ്ര സംസ്ഥാന സർക്കാരുകളും ത്രിതലഭരണ സംവിധാനവും നടപ്പിലാക്കിയ ഇന്ദിരആവാസ്യോജന EMS ഭവനപദ്ധതി, പ്രധാനമന്ത്രി ആവാസ് യോജന, ലൈഫ്മിഷൻ, തനത്ഫണ്ട് ക്രഡിറ്റ്കം ലിങ്ക് ലോൺ പദ്ധതി തുടങ്ങിയവയിലൂടെ വീട് നിർമ്മാണ രംഗത്ത് മുന്നോട്ട് പോകാൻ കഴിഞ്ഞിട്ടുണ്ട്. ഒമ്പതാം പഞ്ചവത്സരപദ്ധതിയുടെ തുടക്കത്തിൽ വീട്ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം 254 ആയിരുന്നു പിന്നീടത്അധികരിച്ചു വന്നിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സരകാലത്തു് തയ്യാറാക്കിയ DPR ൽ ഉണ്ടായിരുന്ന അർഹത പെട്ട മുഴുവൻ കുടുംബങ്ങൾക്കും വീട്നിർമ്മാണത്തിനുള്ള സഹായം നൽകാൻ സാധിച്ചിട്ടുണ്ട് .1995 കാലഘട്ടത്തിൽ അന്നത്തെ കീഴൂർ-ചാവശ്ശേരി ഗ്രാമപഞ്ചായത്തിൽ 13വാർഡുകളിലായി 5511 വീടുകളാണുണ്ടായിരുന്നത്, അതിൽ ഓലകുടിലുകളുടെ എണ്ണം 368 ഉം മറ്റ് കുടിലുകൾ 550 ഉം ആണ്ഉണ്ടായിരുന്നത്. ഓടിട്ടവീടുകളുടെഎണ്ണം 3872 ഉം കോൺഗ്രീറ്റ് വീടുകളുടെ എണ്ണം 716 ഉം ആയിരുന്നു. എന്നാൽ ഇന്ന് ഓലകുടിലുകൾ പൂർണ്ണമായും ഇല്ലാതാവുകയും ഓടിട്ട വീടുകളുടെഎണ്ണംകുറഞ്ഞുവരുകയും കോൺഗ്രീറ്റ് വീടുകളുടെ എണ്ണം വളരെ അധികം വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. വീടുകളുടെ എണ്ണം വർദ്ധിക്കാനുണ്ടായ കാരണങ്ങളിൽ പ്രധാനമായും കൂട്ടുകുടുംബ വ്യവസ്ഥിതിയിൽ നിന്നും അണുകുടുംബ വ്യവസ്ഥിതിയിലേക്ക് ആളുകൾ മാറി എന്നുള്ളതുമാണ്

പി.എം.എ.വൈ ലൈഫ് ഭവന പദ്ധതിയിൽ പ്രകാരം വീട് അനുവദിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

- ആകെ ഡി.പി.ആറുകൾ - **9**
- അംഗീകാരം കിട്ടിയ ഗുണഭോക്താക്കൾ - **549**
- എഗ്രിമെന്റ് വെച്ച ഗുണഭോക്താക്കൾ - **549**
- നിർമ്മാണം പൂർത്തീകരിച്ചത് – **478** ഗുണഭോക്താക്കൾ
- നാളിതുവരെ ചെലവഴിച്ച നഗരസഭ വിഹിതം – **1083.9** ലക്ഷം രൂപ

നഗരസഭ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ വർഷവും വീട് റിപ്പയർ പ്രവർത്തി നിർവഹിച്ചു വരുന്നു. ഓരോ വർഷവും ഭവന പുനരുദ്ധാരണത്തിന് ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

വർഷം	ചെലവഴിച്ച തുക
2021-22	585910
2022-23	2850000
2023-24	2100000
2024-25	8675000
2025-26	150000



പട്ടികജാതി/പട്ടിക വർഗ്ഗവികസനം

ഇരിട്ടി നഗരസഭ പരിധിയിൽ **14** ഉന്നതികളിലായി **340** പട്ടിക വർഗ്ഗ കുടുംബങ്ങൾതാമസിക്കുന്നു. ഇവരുടെ ജനസംഖ്യ **1054** ആണ് പ്രധാനമായും പണിയ സമുദായത്തിൽപ്പെട്ടവരും കരിമ്പാലൻ സമുദായത്തിൽപ്പെട്ടവരും ഇവിടെ അതിവസിക്കുന്നു.

പാർപ്പിട പ്രശ്നത്തിന് പ്രഥമ പരിഗണന നൽകുകയും വിദ്യാഭ്യാസത്തെ ആകർഷകമാക്കുന്നതിന് പട്ടികജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് എല്ലാ വർഷവും സ്കോളർഷിപ്പ് നൽകിവരുന്നു. ആരോഗ്യ പരിരക്ഷ ആവശ്യ സേവനമായും ജീവിത നിലവാരം മാറ്റുന്ന തൊഴിൽ സംരഭങ്ങൾ ആരംഭിക്കുന്നതിന് വേണ്ടിയിട്ടുള്ള പദ്ധതികൾ ആസൂണം ചെയ്യേണ്ടതായിട്ടുണ്ട്. പട്ടിക വർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികളിലെ പോഷകാഹാര കുറവ് പരിഹരിക്കുന്നതിന്റെ ഭാഗമായി പ്രഭാത ഭക്ഷണം നൽകുന്നതിനുള്ള പദ്ധതി നടന്നു വരികയാണ്. പട്ടിക ജാതി പട്ടിക വർഗ്ഗ




GO GREEN
GO GREEN
GO GREEN




SWACHH TSAV


SWACHH TSAV
SWACHHATA HI SEVA 2025


IRITTY


GEE PEE
LIGHT & SOUND




ഇരിട്ടി നഗരസഭ അയ്യങ്കുന്ന് നഗര തൊഴിലുറപ്പ്
പദ്ധതിയിൽ ഉൾപ്പെടുത്തി കോൺക്രീറ്റ് ചെയ്ത
ചാവശ്ശേരി – ചെറുവയൽ റോഡ്
ഉദ്ഘാടനം










LOVE
FOOD


















ഇരിട്ടി നഗരസഭ
കൗൺസിൽ ഹാൾ


കർഷകദിനം

വിഭാഗക്കാർക്ക് വരുമാന ദായകമായ സ്വയം തൊഴിൽ ഗ്രൂപ്പ് പദ്ധതികൾക്ക് നഗരസഭ 2023-24 വർഷത്തിൽ നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പട്ടിക വർഗ്ഗ ഫണ്ട് ഉപയോഗിച്ച് എസ്.ടി ഉന്നതികളിൽ സ്ട്രീറ്റ് ലൈറ്റ്, കുടിവെള്ള കണക്ഷൻ പദ്ധതികളും നടപ്പിലാക്കി ഇരിട്ടി നഗരസഭാ പരിധിയിലെ പൊതു – പട്ടിക ജാതി –പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ജനവിഭാഗങ്ങളുടെ താമസ സൌകര്യം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യം മുൻ നിർത്തി 2024-25 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി വീടുകളുടെ അറ്റകുറ്റപണി എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കിയത് വഴി താമസ സൌകര്യമില്ലാത്ത വീടുകളിലെ കുടുംബങ്ങൾക്ക് മെച്ചപ്പെട്ട താമസ സൌകര്യം ലഭ്യമാക്കി നൽകുന്നതിന് സാധിച്ചു. 2022-23 സാമ്പത്തിക വർഷം നടപ്പിലാക്കിയ തയ്യൽ പരിശീലനം പ്രൊജക്ട് വഴി പരിശീലനം വഴി പരിശീലനം നേടിയ പട്ടികജാതി – പട്ടിക വർഗ്ഗ യുവതികളായ 16 പേർക്ക് തയ്യൽ മെഷീൻ വിതരണം ചെയ്തത് വഴി സ്വന്തമായി ഒരു തൊഴിലും അതു വഴി വരുമാന മാർഗ്ഗം കണ്ടെത്തി നൽകുന്നതിന് നൽകുന്നതിന് സാധിച്ചു.

പട്ടികജാതി പട്ടിക വർഗ വിദ്യാർത്ഥികൾക്ക് നഗരസഭ നൽകിവരുന്ന സ്കോളർഷിപ്പ് മുൻ വർഷവും നൽകാൻ സാധിച്ചു. 17 പട്ടികജാതി വിദ്യാർത്ഥികൾക്കും 6 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കുമാണ് നൽകാൻ സാധിച്ചത്. പട്ടിക വർഗ്ഗ വിഭാഗത്തിന് ഫണ്ട് ഉണ്ടെങ്കിലും ഗുണഭോക്താക്കൾ കുറവാണ്. പട്ടികജാതി വിഭാഗത്തിന് അപേക്ഷകർ ഉണ്ടെങ്കിലും മതിയായ ഫണ്ട് ലഭ്യമല്ല. ഈ വർഷം വികസന ഫണ്ട് (ജനറൽ) കൂടി ഉൾപ്പെടുത്തിയാണ് സ്കോളർഷിപ്പ് നൽകിയത്. നടപ്പ് വർഷവും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്.

പട്ടിക വർഗ്ഗ വിഭാഗത്തിന് തയ്യാറാക്കുന്ന മിക്ക പദ്ധതികൾക്കും നിർവഹണ ഘട്ടത്തിൽ ഗുണഭോക്താക്കൾ ഇല്ലാത്ത അവസ്ഥ വരുന്നത് നിർവഹണത്തെ നല്ലരീതിയിൽ ബാധിക്കുന്നുണ്ട്. തൻമൂലം വികസന ഫണ്ട് (ടി.എസ്.പി) ചെലവ് ശതമാനം മറ്റ് ഫണ്ടുകളേക്കാൾ കുറവാണ്. നഗരസഭയുടെ പദ്ധതികളെക്കുറിച്ച് ആളുകളുടെ ഇടയിൽ നല്ലരീതിയിൽ ബോധവൽക്കരണം ആവശ്യമാണ്.



പൊതുമരാമത്ത്.

ഇരിട്ടി നഗരസഭ രൂപീകൃതമായതിനുശേഷം പശ്ചാത്തല മേഖലയിൽ കൂടുതൽ വികസനങ്ങൾ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. കണ്ണൂർ അന്തരാഷ്ട്ര വിമാനത്താവളം യഥാർത്ഥ്യമായതും തലശ്ശേരി-വളവുപാറ റോഡ് നവീകരണം പൂർത്തിയായതും നഗരസഭയുടെ വികസനത്തിൽ നല്ല പങ്ക് വഹിച്ചിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷംകൊണ്ട് 55 കി.മി ഉണ്ടായിരുന്ന ടാർ റോഡ് 133 കി.മി ആയും 0.14 കി.മി ഉണ്ടായിരുന്ന കോൺഗ്രീറ്റ് റോഡ് 4 കി.മി ആയും വർദ്ധപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ഇനിയും 40 കി.മി പുതിയ റോഡ് നിർമ്മാനുണ്ട്.

ഉൾപ്രദേശങ്ങളിലെ ജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമാകുന്ന വിധത്തിൽ നടപാതകളുടെ നിർ മ്മാണം പൂർത്തീകരിക്കേണ്ടതാണ്. നിലവിലെ റോഡിൻറസംരക്ഷണത്തിന് ഡ്രൈനേജ്, കൾവർ ട്ട്, സംരക്ഷണഭിത്തി എന്നിവ നിർമ്മിക്കണം കൂടാതെ റോഡുകളുടെ മെയിൻറെനൻസ് നടത്തു ന്നതും നഗരസഭയുടെ പ്രധാന വെല്ലുവിളിയാണ്.

വാർഷിക പദ്ധതിയിൽ വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ അവാർഡ്, മെയിന്റനൻസ് ഗ്രാന്റ് , തനത് ഫണ്ട് തുടങ്ങിയവ ഉപയോഗിച്ച് നഗരസഭയിലെ പുതിയ റോഡുകളുടെ നിർമ്മാണത്തി നും നവീകരണത്തിനുമായി നടപ്പുവർഷം 10 കോടിയിലധികം രൂപയുടെ പ്രവർത്തികൾ നടന്നു വരുന്നു.

2020-21 മുതൽ 7.7 കോടി രൂപ ചെലവഴിച്ച് 30 കിലോ മീറ്റർ പുതിയ റോഡ് നിർമ്മിച്ചു.5.52 കോടി ചെലവഴിച്ച് 43 കിലോമീറ്റർ റോഡ് പുനർ നിർമ്മിച്ചു. എംപി.- എം.എൽ.എ ഫണ്ട് ഉപയോഗിച്ച് 60 ലക്ഷം രൂപ ചെലവിൽ 2.8 കിലോ മീറ്റർ റോഡ് പുനർ നിർമ്മിച്ചു എംപി.- എം.എൽ.എ ഫണ്ട് ഉപയോഗിച്ച് 4 കോടി രൂപ ചെലവിൽ 10.22 കിലോമീറ്റർ റോഡ് നിർമ്മിച്ചു.

നഗരസഭയിലെ എല്ലാ വാർഡുകളിലും സ്ട്രീറ്റ് ലൈൻ സ്ഥാപിക്കുന്നതിനും സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനും പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇരിട്ടി നഗരസഭയിൽ നിലവിൽ 2434 സ്ട്രീറ്റ് ലൈറ്റുകളാണ് ഉള്ളത്. അതിൽ 1934 എണ്ണവും ഈ ഭരണ സമിതിയുടെ കാലത്താണ് സ്ഥാപി ച്ചത്. നടപ്പ് വർഷം 15 ലക്ഷം രൂപ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് വകയിരുത്തി യിട്ടുണ്ട്. സ്ട്രീറ്റ് ലൈൻ സ്ഥാപിക്കുന്നതിന് ഇക്കാലയളവിൽ 48 ലക്ഷത്തോളം രൂപ ചെലവഴിച്ചുള്ള പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. സ്ട്രീറ്റ് ലൈറ്റുകളും മിനിമാസ്റ്റ് ലൈറ്റുകളും പ്രവർത്തന രഹിതമാവാതിരിക്കാൻ വാർഷിക അറ്റകുറ്റപ്പണി കരാറും തയ്യാറാക്കി നടപ്പിലാക്കി വരുന്നു.



നഗരാസൂത്രണം

ഇരിട്ടി നഗരസഭ രൂപം കൊണ്ടതിനുശേഷമുള്ള രണ്ടാമത്തെ പഞ്ചവത്സര പദ്ധതിയാണ് 14ാം പഞ്ചവത്സരപദ്ധതി. തൊട്ടടുത്ത് സ്ഥിതി ചെയ്യുന്ന കണ്ണൂർ അന്താരാഷ്ട്ര വിമാന താവളത്തിൻറെ വളർച്ചയും തലശ്ശേരി-കൂർഗ് അന്തർസംസ്ഥാന പാതയും ഇരിട്ടി നഗരത്തെ അതിവേഗം വളരുന്ന നഗരമാക്കി മാറ്റുന്നു.അയൽ സംസ്ഥാനമായ കർണ്ണാടകയിൽനിന്നും വയനാട് ജില്ലയിൽ നിന്നും മലയോര മേഖലകളിൽ നിന്നും ഇരിട്ടി നഗരത്തിലൂടെയാണ് വിമാനത്താവളത്തിലേക്ക് പോകു ന്നത് കൂടാതെ പഴശ്ശി ഇറിഗേഷൻ പ്രോജക്ട് നമ്മുടെ നഗരസഭ പരിധിയിൽ ആണ് നിലനിൽ ക്കുന്നത് തലശ്ശേരി-കൂർഗ്ഗ് റോഡ് ഇരിട്ടി-പേരാവൂർ റോഡ്,19-ാം മൈൽ-പഴശ്ശിറോഡ് എന്നീ പ്രധാന പാതകളെ ആശ്രയിച്ചാണ് നഗരത്തിൻറെ വികസനമാകുന്നത്.

ഇരിട്ടി എടക്കാനം, കീഴൂർ, എടക്കാനം, ഉളിയിൽ ആവിലാട് മുത്തപ്പൻങ്കരി, നരയൻപാറ-മുത്തപ്പൻകരി, ഉളിയിൽ തില്ലങ്കേരി, കൂരൻമുക്ക്-പെരിയത്തിൽ, തുടങ്ങിയ നിരവധി പ്രധാന റോഡുകൾ കൂടി വികസിപ്പിക്കേണ്ടതുണ്ട്. നഗരത്തിലെ പ്രധാന റോഡുകൾ കൂടി വികസി ക്കേണ്ടതുണ്ട്.

നഗരത്തിലെ പ്രധാന റോഡുകളായ 19 ാം മൈൽ നടുവനാട്, ഉളിയിൽ, പുന്നാട്, കീഴൂർ, ഇരിട്ടി ടൗൺ എന്നിവിടങ്ങളിലെ പാർക്കിംഗ് സൗകര്യം കൂടി മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇരിട്ടി ബസ്റ്റാൻറ് ബ്ലോക്ക് ഓഫീസ് ബൈപാസ് റോഡ് , ഇരിട്ടി ബസ്റ്റാൻറ് മേലെസ്റ്റാൻറ് എന്നീ ബൈപാസുകൾ എന്നിവ യാഥാർത്യമാക്കുന്നതിന് സാധിച്ചു.

നഗരസഭയിൽ പ്രവർത്തിക്കുന്ന സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്ത വിവിധ വകുപ്പ് ഓഫീസുകളെ കേന്ദ്രീകരിച്ചുകൊണ്ട് മിനി സ്റ്റേഷൻ, നഗരത്തിൽ ഓഡിറ്റോറിയം, കളിസ്ഥങ്ങൾ ,പാർക്കുകൾ റസ്റ്റ് ഹൗസുകൾ എന്നിവയും വ്യവസായ സ്ഥാപനങ്ങൾക്ക് ഇൻഡസ്ട്രിയൽ റേറ്റ് എന്നിവയും ആധുനിക അറവുശാല, മത്സ്യ മാംസ സംസ്കരണ യൂണിറ്റ്, വിവിധ ഉൽപന്നങ്ങളുടെ വിപണന കേന്ദ്രങ്ങൾ എന്നിവയും ഉണ്ടാവേണ്ടതുണ്ട്.

വാർഷിക പദ്ധതിയിൽ ഹാപ്പിനസ് പാർക്ക് എന്ന ആശയത്തിന് മുൻഗണന നൽകിയിട്ടുണ്ട്. മാലിന്യ നിക്ഷേപ കേന്ദ്രങ്ങായിരുന്ന പ്രദേശങ്ങൾ ശുചീകരിച്ച് പാർക്കുകൾ ആക്കുന്നതിന് നഗരസഭ പരിഗണന നൽകുന്നുണ്ട്. നഗര സൌന്ദര്യ വൽക്കരണത്തിന്റെ ഭാഗമായി കഴിഞ്ഞ വർഷം നൂറ് കണക്കിന് ചെടികളാണ് ഇരിട്ടി നഗരത്തിൽ സ്ഥാപിച്ചിട്ടുള്ളത് ഇതിന്റെ തുടർച്ചയെന്നോണം **2024-25** വർഷത്തിലും പദ്ധതി നടപ്പിലാക്കുന്നുണ്ട്. നഗരത്തിലെ ഗതാഗത കുരുക്ക് പരിഹരിക്കുന്നതിന് പാർക്കിംഗ് സംവിധാനം മെച്ചപ്പെടുത്തൽ, ബൈപ്പാസ് റോഡ് നിർമ്മാണം എന്നിവ നഗരസഭയുടെ സജീവ പരിഗണനയിലുള്ള വിഷയങ്ങളാണ്. നഗരസഭ പരിധിയിൽ മുത്തപ്പൻകരിയിൽ ഒരു സ്റ്റേഡിയം നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം വാങ്ങിയിട്ടുണ്ട് സ്വകാര്യ പങ്കാളിത്തത്തോടെ ഇരിട്ടി നഗരത്തിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിച്ച് നഗരത്തെ പ്രകാശ പൂരിതമാക്കുന്നതിനും പാർക്ക് നിർമ്മിക്കുന്നതിനും സാധിച്ചു. സംസ്ഥാന പാതയോട് ചേർന്ന് യാത്രക്കാർക്ക് ഏറെ ഉപകാരപ്രദമാവുന്ന വിധത്തിൽ ആസ്പിരേഷണൽ ടോയിലറ്റ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നഗരസഭയിൽ സമഗ്ര ടുറിസം പദ്ധതി നടപ്പിലാക്കുന്നതിന് ഡി പി ആർ തയ്യാറാക്കിവരികയാണ്. ഇരിട്ടി ഓപ്പൺ ഓഡിറ്റോറിയം നവീകരണം, മിനി ഓപ്പൺ ഓഡിറ്റോറിയം നിർമ്മാണം, ഷോപ്പംഗ് കോംപ്ലക്സിന് മുകളിൽ ഓഡിറ്റോറിയം നിർമ്മാണം എന്നിവ നടന്നു വരുന്നു. പൊതു ശ്മശാനം നിർമ്മാണവും നിർവഹണ ഘട്ടത്തിലാണ്.



കുടിവെള്ളം

നമ്മുടെ നഗരസഭയിൽ അതിരൂഷമായി അനുഭവപ്പെടുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്നാണ് കുടിവെള്ള പ്രശ്നം യുദ്ധകാരാടിസ്ഥാനത്തിൽ പദ്ധതികൾ നടപ്പിലാക്കിയാൽ മാത്രമേ കുടിവെള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുകയുള്ളൂ നമ്മുടെ നഗരസഭയിൽ ഭൂരിഭാഗം ജനങ്ങളുടെയും കുടിവെള്ള സ്രോതസ്സ് കിണറുകളാണ് ഏകദേശം **8000** കുടുംബങ്ങളും സ്വന്തം കിണറുകളെയും ഏകദേശം **500** കുടുംബങ്ങൾ അയൽ വീടുകളിൽ മറ്റുള്ളവർ പൊതുകിണറുകൾ പൊതു ടാപ്പുകൾ എന്നിവയും ആശ്രയിക്കുന്നു, വേനൽ ശക്തി പ്രാപിക്കുന്നതിന് മുമ്പ് തന്നെ മിക്ക

കിണറുകളിലും ജലനിരപ്പ് ഗണ്യമായി കുറയുന്നു മാർച്ച് ഏപ്രിൽ മെയ് മാസങ്ങളോടെ കൂടുതൽ കിണറുകളും വരണ്ടുപോകുന്നു, ഭരണ സമിതിയുടേയും, ഗവൺമെൻറ് ഏജൻസികളുടേയും വാട്ടർ അതോറിറികളുടേയും എല്ലാ നിരന്തരമായ ശ്രമഫലമായി ഒരു പരിധിവരെ കുടിവെള്ള ക്ഷാമം പരിഹരിച്ചുവരുന്നു.

വേനൽക്കാലത്ത് പല പ്രദേശങ്ങളിലും കുടിവെള്ള ക്ഷാമം രൂക്ഷമാവാറുണ്ട്. ഈ സാഹചര്യത്തിൽ സർക്കാർ നിർദ്ദേശ പ്രകാരം ടാങ്കർ ലോറികളിൽ നഗരസഭ കുടിവെള്ളം എത്തിച്ചു നൽകാറുണ്ട്. എന്നാൽ ഈ പ്രശ്നത്തിന് ശ്വാശ്വതമായ പരിഹാരമാണ് നമുക്കാവശ്യം. അതിലേക്കായി ഇരിട്ടി – മട്ടന്നൂർ നഗരസഭകൾക്കുള്ള കുടിവെള്ള പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്. കിണർ റീച്ചാർജിംഗിന് നല്ല രീതിയിൽ തന്നെ ഫണ്ട് വകയിരുത്തേണ്ടതുണ്ട്. ശുചിത്വ കിണറാക്കി മാറ്റൽ, ടൌൺഷിപ്പ് കോളനിയിൽ കുടിവെള്ള പദ്ധതി, ആട്യാലം കുളം നവീകരണം, വട്ടക്കയം കുളം നവീകരണം, ഇരിട്ടി താലൂക്ക് ആശുപത്രിയിൽ മഴവെള്ള സംഭരണി നിർമ്മാണം, ഇരിട്ടി താലൂക്ക് ഹോസ്പിറ്റൽ കുടിവെള്ള പദ്ധതി, ഒളയം കുളം നവീകരണം, പടത്തുപ്പാറ ഉന്നതിയിൽ കുടിവെള്ള പദ്ധതി, ആക്കാംപറമ്പ് കുടിവെള്ള പദ്ധതി പൂർത്തീകരണം, അംഗനവാടികളിൽ കുഴൽകിണർ നിർമ്മാണവും അനുബന്ധ പ്രവൃത്തികളും, പൊതുശ്മശാനത്തിൽ കുഴൽകിണർ നിർമ്മാണവും അനുബന്ധപ്രവൃത്തികളും, മടമ്പറമ്പ് മഞ്ഞാംപാറ ഉന്നതിയിൽ കുടിവെള്ള പദ്ധതി, നഗരസഭയിലെ പൊതു കിണർ നവീകരണവും ഗ്രിൽ ഇട്ട് സംരക്ഷിക്കലും, ചെക്കിക്കുന്ന് നഗറിൽ പമ്പ് ഹൌസ് നിർമ്മാണം, അമൃത് പദ്ധതി കുളം നവീകരണം- കുഴമ്പിൽ ഭഗവതി ക്ഷേത്രം കുളം, അമൃത് പദ്ധതി കുളം നവീകരണം- കൂലോത്ത് അമ്പലം കുളം, വള്ള്യാട് ലക്ഷം വീട് കുഴൽ കിണർ നിർമ്മാണം,താലൂക്ക് ആശുപത്രി കുടിവെള്ള പദ്ധതി പൂർത്തീകരണം എന്നിങ്ങനെ നിരവധി പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്.



വിദ്യാഭ്യാസം,കലയും,സംസ്ക്കാരവും, കായികം,യുവജനകാര്യം

നഗരസഭാ പരിധിയിലുള്ള 14 വിദ്യാലയങ്ങളിൽ 12 എണ്ണവും എയ്ഡഡ് വിദ്യാലയങ്ങളാണെങ്കിലും അടിസ്ഥാവികസനത്തിലും അക്കാഡമിക് നിലവാര മികവിലും ശ്രേദ്ധയമായ നേട്ടവും പുരോഗതിയും കൈവരിച്ചിട്ടുണ്ട് എന്നത് വസ്തുതയാണ് സ്വകാര്യ മേഖലയിലുള്ള വിദ്യാലയങ്ങൾക്ക് നാം പ്രതീക്ഷിക്കുന്ന മുന്നേറ്റം കാഴ്ച വെക്കുവാൻപരിമിതി കളുണ്ടെന്നകാര്യവും വിസ്മരിച്ചുകൂടാ നമ്മുടെ പൊതുമേഖല വിദ്യാലയങ്ങൾക്ക് ഭീക്ഷണിയായി ആധുനിക സൗകര്യങ്ങളോടെ പ്രവർത്തന സജ്ജമാക്കുന്ന അൺ എയ്ഡഡ് വിദ്യാലങ്ങളും നഗര സഭാ പരിധിയിൽ വിരളമല്ലന്നുള്ളതും നാം പരിഗണിക്കേണ്ട കാര്യമാണ്.

പദ്ധതിയാസൂത്രണങ്ങൾ ഭരണാസിര കേന്ദ്രങ്ങളിൾ രൂപം കോണ്ട് വിവിധ വകുപ്പുകൾ വഴി നടപ്പിലാക്കി വന്നിരുന്ന രീതികൾ ജനകീയാസൂത്രണ ആവീർഭാവത്തോടെ ജനകീയമാവുകയും ആസൂത്രണവും നിർവ്വഹണവും പരിപൂർണ്ണ ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കുകയും ചെയ്യുക വഴി വികസന പ്രശ്നങ്ങളും സാധ്യതകളും പ്രാദേശികാവശ്യങ്ങളും മറ്റാരേക്കാളും

അറിയാവുന്ന പ്രാദേശിക ഗവൺമെൻറുകളിൽ നിക്ഷ്പതമായതോടെ വിവകസ പ്രക്രിയകൾക്ക് പുത്തൻ ഉണർവ്വും ദിശാബോധവും കൈവന്നു. പൊതുവിദ്യാഭ്യാസ മേഖലയും കലാകായിക സാംസ്കാരിക മേഖലയും യുവജനകാര്യ മേഖലയും കൈവരിച്ച വികസന നേട്ടങ്ങളും ശ്ലാഘ നീയമാണ്. കോവിഡ് മഹാമാരി നമ്മുടെ വിദ്യാഭ്യാസ രംഗത്ത് പ്രവർത്തനങ്ങളെ ഗണ്യമായി ബാധിച്ചു എങ്കിലും ഓൺലൈൻ പഠനപ്രവർത്തനങ്ങളും കാര്യക്ഷമമായ ഇടപെടലുകളും വീടാണ് വിദ്യാലയം പദ്ധതിയും ചെറിയ ഒരു ആശ്യാസമായി പരിണമിച്ചിട്ടുണ്ട്.പ്രീ പ്രൈമറി തലം പ്രത്യേകം ഉൗന്നൽ നൽകി പരിഗണിച്ചു വരുന്നതും ഇംഗ്ലിഷ് ഭാഷ പഠനം 1-ംതരം മുതൽ ആരംഭിക്കുന്നതും അൺ എയ്ഡഡ് മേഖലകളിലേക്കുള്ള വിദ്യാർത്ഥി പ്രവാഹത്തിൽ വിലങ്ങു തടിയായിട്ടുണ്ട് . ഉന്നത വിദ്യാഭ്യാസ മേഖലയിൽ നമ്മുക്ക് വേണ്ടത്ര ഉണ്ടാക്കാൻ സാധിച്ചില്ല എന്നത് വസ്തുതയാണ് ഇരിട്ടി മഹാത്മഗാന്ധി കോളേജ് ഒഴിച്ചാൽ സർക്കാർ മേഖയിലോ എയ്ഡഡ് മേഖയിലോ മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ലെങ്കിലും സ്വാശ്രയ മേഖല യിൽ അനേകം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.ബിരുദബിരുദാനന്തര മേഖയിലും ശാസ്ത്രീയ സാങ്കേതിക രംഗത്തും മലയോര കുടിയേറ്റ മേഖലയുടെ സ്ഥിരാ കേന്ദ്രമായ ഇരിട്ടിയിൽ ഉന്നത നിലവാരത്തിലുള്ള വിദ്യാലയങ്ങൾ നമുക്ക് അനിവാര്യമാണ്.

വിദ്യാഭ്യാസ മേഖലയിൽ നഗരസഭയുടെ പദ്ധതികൾ നടപ്പിലാക്കുന്നത് ചാവശ്ശേരി ഹയർ സെക്കന്ററി ഹെഡ്മാസ്റ്ററാണ്. വിദ്യാലയങ്ങളുടെ അടിസ്ഥാന സൌകര്യങ്ങൾ മെച്ചപ്പെടുത്തു ന്നതിന് മരാമത്ത് പ്രവർത്തികൾക്കും ഫണ്ട് വകയിരുത്തിവരുന്നുണ്ട്. തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ, വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകൾ, പത്ത് പന്ത്രണ്ട് ക്ലാസുകളിലെ പഠന ത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യക ക്ലാസുകൾ എന്നിവ നഗരസഭ തുടർച്ചയായി നടന്നു വരുന്നുണ്ട്.

കേരളോത്സവം വിപുലമായ രീതിയിൽ നഗരസഭ എല്ലാ വർഷവും നടപ്പിലാക്കി വരുന്നുണ്ട്. സർക്കാരും യുവജന ക്ഷേമ ബോർഡും കാലാകലാങ്ങളിൽ നൽകുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസ്യതനമായാണ് എല്ലാ വർഷവും കേരളോത്സവം സംഘടിപ്പിക്കുന്നത്.
തുടർ സാക്ഷരത പരിപാടികളിൽ പ്രൈമറിതലം, പത്ത് പ്ലസ്ടു തുല്യ പരീക്ഷകൾ നഗരസഭയിൽ മികച്ച രീതിയിൽ നടപ്പിലാക്കി വരുന്നുണ്ട്. സർക്കാർ നടപ്പാലാക്കിയ ഡിജി കേരളം പദ്ധതിയിൽ ഇരിട്ടിയിലും വിജയകരമായി നടപ്പാലാക്കി. 1054 കുടുംബങ്ങളിൽ സർവ്വേ നടത്തി 3405 പഠിതാ ക്കളെ കണ്ടെത്തി. 434 വളണ്ടിയർമാർ സന്നദ്ധരായി ഡിജിറ്റൽ സാക്ഷരതയ്ക്കായി മുന്നോട്ട് വന്നു. വായനയേയും ഗ്രന്ഥശാലകളേയും പ്രോത്സാഹിപ്പിക്കുന്നതിന് നഗരസഭ മുൻപന്തിയിൽ തന്നെയാണ്. 2025 -26 വർഷത്തിൽ ഇതിനായി 3 പദ്ധതികളാണ് തയ്യാറാക്കിയത്. നഗരസഭ പരിധിയിലെ അംഗീകൃത വായനശാലകൾക്ക് 5 ലക്ഷം രൂപ ചെലവിൽ ഫർണിച്ചറും പുസ്തകവും ലഭ്യമാക്കി. നഗരസഭ ലൈബ്രറികൾക്കും സ്കൂൾ ലൈബ്രറികൾക്കുമുള്ള പദ്ധതികൾ നിർവഹണ ഘട്ടത്തിലാണ്. എല്ലാ വർഷവും എസ്.എസ്.എൽ.സി-പ്ലസ്ടു പരീക്ഷകളിൽ മുഴുവൻ വിഷയങ്ങളിലും എ.പ്ലസ് നേടി വിജയിച്ചവരെ അനുമോദിക്കുന്നതിനും നഗരസഭ മുൻപന്തിയി ലാണ്.



ജൈവവൈവിധ്യമാനേജ്മെന്റ് ,കാലാവസ്ഥ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം



ജൈവ വൈവിധ്യം ഭൂമിയിൽകാണപ്പെടുന്ന സർവ്വ ജീവജാലങ്ങളുടെയും തമ്മിൽത്തമ്മിലുള്ള വ്യത്യാസങ്ങളും അവയൊരോന്നിലുമുള്ള വിത്യാസങ്ങളും. ഇവയെല്ലാം തമ്മിലുള്ള പ്രവർത്ത പ്രതി പ്രവർത്തനങ്ങളുടെയും ആകെ തുകയാണ് ജൈവവൈവിധ്യം. സസ്യങ്ങൾ, ജലജീവികൾ, മൃഗങ്ങൾ, സൂക്ഷമാണുക്കൾ, പവിഴപുറ്റുകൾ തുടങ്ങിയ ജീവികളും വനങ്ങൾ, മഴക്കാടുകൾ, മരുഭൂമികൾ ,തണ്ണീർത്തടങ്ങള കുന്നുകൾ,മലകൾ,സമുദ്രം തുടങ്ങിയ ആവാസവ്യവസ്ഥകളുടെ വൈവിധ്യവും ജൈവവൈവിധ്യത്തിൽ ഉൾപ്പെട്ടിരിക്കുന്നു.

കുന്നുകളും തണ്ണീർത്തടങ്ങളും സമതല പ്രദേശങ്ങളും കാവുകളും,കാടുകളും ഉൾപ്പെട്ട ഇരിട്ടി മുൻസിപ്പൽ പ്രദേശം ജൈവവൈവിധ്യങ്ങളുടെ കലവറയാണ്.കാർഷിക സംസ്കാരം പിന്തുടർ ന്നിരുന്ന പ്രദേശവാസികൾ കാർഷിക വൈവിധ്യം കാത്തു സൂക്ഷിച്ചിരുന്നു. ഭൂപ്രകൃതി, മണ്ണ്, കാലാവസ്ഥ ,വെള്ളത്തിൻറെ ലഭ്യത എന്നിവയ്ക്കനുസരിച്ച് വിവിധങ്ങളായ കാർഷിക വിളകൾ ജൈവവൈവിധ്യം ഉൾക്കൊണ്ട് കൃഷി ചെയ്യാൻ പ്രദേശ വാസികൾ ശ്രദ്ധിച്ചിരുന്നു.

നമ്മുടെ ജൈവവൈവിധ്യം തനതു ആവാസവ്യവസ്ഥകളാലും ജൈവജാതികളാലും സമ്പന്ന മാണെങ്കിലും മണ്ണൊലിപ്പ് ,മണ്ണിടിച്ചിൽ ,ഉരുൾപൊട്ടൽ, വെള്ളപ്പൊക്കം തുടങ്ങിയ പ്രകൃതിയാ ലുള്ള പാരിസ്ഥിതിക പ്രശ്നങ്ങളും കുന്നിടിക്കൽ, നിലം നികത്തൽ,നദികളിൽ നിന്നുള്ള അനധി കൃതണലൂറ്റ് അശാസ്ത്രീയമായ ചെങ്കൽ ഖനനം കാവുകളുടെ നശീകരണം അശാസ്ത്രീയമായ കൃഷി രീതികൾ,മലിനീകരണം അമിതമായ രാസവളങ്ങുടെയും കീടനാശിനികളുടെയും ഉപയോഗം അശാസ്ത്രീയമായ നിർമ്മാണ പ്രവർത്തനങ്ങൾ എന്നീവമൂലം ജൈവവൈവിധ്യം വൻ ശോഷണം നേരിട്ട്കൊണ്ടിരിക്കുകയാണ് മനുഷ്യരാശിയുടെ നിലനിൽപ്പിൽമറ്റ് ജീവജാലങ്ങളും നിലനിൽ ക്കണം അതുകൊണ്ട്തന്നെ നമ്മുടെ ജൈവവൈവിധ്യത്തെ പൂർണ്ണമായും അറിയുകയും സംരക്ഷിക്കുകയും ചെയ്യേണ്ടതിൻറെ ഉത്തരവാദിത്വം നമ്മളിൽ നിക്ഷ്പതമാണ്

നഗരസഭ രൂപീകരിക്കുന്നതിന് മുൻപ് കീഴൂർ ചാവശ്ശേരി പഞ്ചായത്തിന്റെ കാലഘട്ടത്തിൽ ജൈവവൈവിദ്ധ്യ രജിസ്റ്റർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിന്റെ തുടർച്ചയെന്നോണം ഇരിട്ട നഗരസഭ പുതുക്കിയ ജൈവവൈവിധ്യ രജിസ്റ്റർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ആദ്യമായി ഇരിട്ടി നഗരസഭയാണ് ഇത്തരം പ്രവർത്തനം നടത്തിയത്. പ്രദേശിക ജൈവവൈവിധ്യ കർമ്മ പദ്ധതി തയ്യാറാക്കൽ പ്രക്രിയ അന്തിമ ഘട്ടത്തിലാണ്. ജൈവവിധ്യ സംരക്ഷണത്തിന്റെ ഭാഗമായും അതിവേഗം വളരുന്ന നഗരമെന്ന നിലയിലും കാലാവസ്ഥ വ്യതിയാനത്തെ ചെറുക്കുന്നതിന്റെ ഭാഗമായി പൊതുസ്ഥലങ്ങളിൽ മിയാവാക്കി വനവൽക്കരണത്തിന് നടപടികൾ സ്വീകരിക്കേ ണ്ടതുണ്ട്. വെള്ളപ്പൊക്കം ഉൾപ്പെടെയുള്ള പ്രകൃതി ദുരന്തങ്ങൾ നേരിട്ട നഗരസഭ എന്ന നിലയിൽ നഗരസഭ തലത്തിൽ റസ്ക്യൂ സേന രൂപീകരിക്കുകയാലും കാലികമായും സജീവമാക്കിയും നിലനിർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്.

കഴിഞ്ഞ 5 വർഷക്കാലം കൊണ്ട് നഗരസഭ നടപ്പിലാക്കിയ പ്രവർത്തനം എന്നതിലുപരി സർവ മേഖലകളിലും വികസനത്തിന്റെ വെളിച്ചമെത്തിക്കുന്നതിന് നഗരസഭയ്ക്ക് സാധിച്ചിട്ടുണ്ട്. മലയോര മേഖലയുടെ സിരാ കേന്ദ്രമെന്ന നിലയിൽ ഈ പ്രദേശത്തെ ജനങ്ങൾ ഒന്നാകെ ആശ്രയിക്കുന്നത് ഇരിട്ടിയെയാണ്. അതുകൊണ്ട് തന്നെ ഇരിട്ടി നഗരസഭയുടെ വികസനം മലയോരത്തെ ജനജീവിതത്തെക്കൂടി സ്വാധീനിക്കുന്നതാണ്. ജന പ്രതിനിധികളും ഉദ്യോഗസ്ഥരും ബഹു ജനങ്ങളും കൈകോർത്ത് ഇരിട്ടിയുടെ വികസനത്തിനായി ഒന്നായി മുന്നേറാം....

മലയാള നാടിനെ മലിനമാക്കാതെ സംരക്ഷിക്കാം



കേരള സർക്കാർ

LSGD

സ്വച്ഛ ഭാരത
एक कदम स्वच्छता की ओर

ശുചിത്വ മിഷൻ

ഹരിതകേരളം മിഷൻ

KSWMP

മാലിന്യമുക്തം നവകേരളം